## എല്ലാവർക്കും വീട്
## എല്ലാവർക്കും ഭക്ഷണം
## എല്ലാവർക്കും ആരോഗ്യം

# യു.ഡി.എഫ്
# പ്രകടനപത്രിക

**യു.ഡി.എഫ്.പ്രസിദ്ധീകരണം**

**ഏപ്രിൽ 2016**

മാന്യസുഹൃത്തെ,

2011-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിയ ആത്മസംതൃപ്തിയോടെയാണ് ഉമ്മൻചാണ്ടി സർക്കാർ കാലാവധി പൂർത്തിയാക്കുന്നത്.

2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനെ യു.ഡി.എഫ് നേരിടുന്നത് വികസനത്തുടർച്ചയ്ക്കും കാരുണ്യത്തിനുമുള്ള കർമപരിപാടികൾ ജനസമക്ഷം സമർപ്പിച്ചുകൊണ്ടാണ്.

കേരളത്തിന്റെ വികസനത്തിനും, സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ക്ഷേമത്തിനും, എല്ലാ ജനവിഭാഗങ്ങളുടെയും അവശതകളും ആവശ്യങ്ങളും പരിഹരിക്കാനുമുള്ള പദ്ധതികൾ യു.ഡി.എഫ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവ നടപ്പിലാക്കാനുള്ള ജനവിധിയാണ് ഭരണത്തുടർച്ചയ്ക്കായി കേരളജനതയോട് യു.ഡി.എഫ് അഭ്യർത്ഥിക്കുന്നത്.

യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാനും പുതിയ കേരളത്തിനായി യു.ഡി.എഫിന് അംഗീകാരം നൽകാനും പ്രബുദ്ധരായ ജനങ്ങളോട് ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

സ്നേഹാദരപൂർവം

**യു.ഡി.എഫ്. പ്രകടനപത്രികാ സമിതി**
എം.എം.ഹസ്സൻ (കോൺഗ്രസ്) - കൺവീനർ
കെ.പി.എ.മജീദ് (മുസ്ലീംലീഗ്)
ജോയി എബ്രഹാം എം.പി. (കേരള കോൺഗ്രസ് (എം)
എൻ.കെ.പ്രേമചന്ദ്രൻ എം.പി. (ആർ.എസ്.പി)
ഡോ.വർഗീസ് ജോർജ് (ജനതാദൾ)
സി.പി.ജോൺ -സി.എം.പി.
അനൂപ് ജേക്കബ് - കേരള കോൺഗ്രസ് (ജെ)

തിരുവനന്തപുരം
ഏപ്രിൽ 2016

# ഉള്ളടക്കം

ആമുഖം

1. കൃഷിയും അനുബന്ധമേഖലകളും ........ 9
   (a) കൃഷിയും ഭക്ഷ്യസുരക്ഷയും
   (b) പലിശ രഹിത വായ്പ
   (c) ജൈവകൃഷി പ്ലസ് പദ്ധതി
   (d) അഗ്രി ബയോപാർക്കുകൾ
   (e) ഫീഡ് മാർക്കറ്റുകൾ
   (f) റബർകൃഷിക്കാർക്ക് സഹായം
   (g) മൃഗസംരക്ഷണവും ക്ഷീരവികസനവും
2. എല്ലാവർക്കും വീട് ........ 15
3. എല്ലാവർക്കും ഭക്ഷണം ........ 16
4. എല്ലാവർക്കും ആരോഗ്യം ........ 17
5. തീരദേശവികസനം ........ 19
6. മലയോരവികസനം ........ 19
7. സാമൂഹ്യക്ഷേമം ........ 20
   (a) ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും പൊതുവിതരണവും
   (b) ദാരിദ്ര്യനിർമാർജനം
   (c) ഭിന്നശേഷിയുള്ളവരുടെ ക്ഷേമം
   (d) സ്പെഷ്യൽ സ്കൂളുകൾ
   (e) തൊഴിലില്ലായ്മ പരിഹാരം
8. പ്രവാസി ക്ഷേമവും പുനരധിവാസവും ........ 25
9. വ്യവസായം ........ 27
   (a) പൊതുമേഖലാ സ്ഥാപനങ്ങൾ
   (b) പരമ്പരാഗത കയർവ്യവസായം
   (c) പരമ്പരാഗതവ്യവസായതൊഴിലാളികൾക്ക് ക്ഷേമപദ്ധതി
   (d) കശുവണ്ടി വ്യവസായം
   (e) കൈത്തറി വ്യവസായം
   (f) ഐ.ടി വ്യവസായം
10. അടിസ്ഥാനസൗകര്യ വികസനം ........ 30
   (a) വൻകിടപദ്ധതികൾ
   (b) ശബരിമല വികസനം
   (c) തലസ്ഥാനനഗര വികസനം

11. വിദ്യാഭ്യാസം ........ 33
12. പട്ടികജാതി-പട്ടികവർഗ വികസനം ........ 35
13. മുന്നാക്കസമുദായ വികസനം ........ 36
14. പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം ........ 37
15. സ്ത്രീകളും വികസനവും ........ 38
16. ടൂറിസം ........ 38
17. ശിശുക്കളുടെയും കുട്ടികളുടെയും സംരക്ഷണം ........ 40
18. വയോജനക്ഷേമം ........ 41
19. കുടിവെള്ളം-ജലസേചനം ........ 42
20. ശാസ്ത്രസാങ്കേതികം ........ 42
(a) ശാസ്ത്രം
(b) ശാസ്ത്രദീപ്തി
(c) ശാസ്ത്രമംഗള
(d) ശാസ്ത്രപോഷിണി
(e) ഗവേഷണം ഗവേഷകർക്കുവേണ്ടിയല്ല, മനുഷ്യനന്മയ്ക്കുവേണ്ടി
(f) ടെക്നോളജി ട്രാൻസ്ഫർ സെന്റർ
(g) മെറ്റീരിയൽസ് ഗവേഷണ ഉൽപ്പാദന കേന്ദ്രം
21. ഊർജമേഖല ........ 44
22. സാംസ്കാരികം ........ 45
23. സിനിമ ........ 46
24. സ്പോർട്സ് ........ 46
25. സർക്കാർ ജീവനക്കാരും ഗവണ്മെന്റ് സർവീസും ........ 48
26. പരിസ്ഥിതിസംരക്ഷണവും ശുചിത്വവും ........ 48
27. തണ്ണീർത്തട സംരക്ഷണം ........ 50
28. മദ്യവിമുക്തകേരളം ........ 50
29. ക്രമസമാധാനം ........ 51
30. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ........ 52
31. കേരള വികസന പരിപ്രേക്ഷ്യം-2030 ........ 53
(a) സാമ്പത്തികവളർച്ചയും ഉന്നമനവും
(b) ഉയർന്ന ജീവിതനിലവാരം
(c) സാമൂഹികനീതിയും സമത്വവും
32. ഇതര ഇനങ്ങൾ ........ 55
ഉപസംഹാരം ........ 57
പ്രകടനപത്രിക ഒറ്റനോട്ടത്തിൽ ........ 58

# ആമുഖം

**കേ**രളത്തിന്റെ വികസനചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് ഉമ്മൻചാണ്ടി നയിക്കുന്ന യു.ഡി.എഫ് സർക്കാർ കാലാവധി പൂർത്തിയാക്കുന്നു. രണ്ട് എം.എൽ.എ മാരുടെ ഭൂരിപക്ഷത്തോടെ ഭരണം തുടങ്ങിയ യു.ഡി.എഫ് സർക്കാർ അഞ്ചുവർഷംകൊണ്ട് കെട്ടുറപ്പുള്ള സുസ്ഥിര ഭരണത്തിലൂടെ കേരളത്തിനു പ്രദാനം ചെയ്ത വികസന നേട്ടങ്ങൾ അഭിമാനത്തിനും ആത്മസംതൃപ്തിക്കും വക നൽകുന്നവയാണ്. വൻകിട വികസന പദ്ധതികൾക്കൊപ്പം അവശരും ആലംബഹീനരുമായ സാധാരണക്കാരുടെ കണ്ണീരൊപ്പാൻ നടത്തിയ ജനക്ഷേമപ്രവർത്തനങ്ങൾ യു.ഡി.എഫ് സർക്കാരിന് കാരുണ്യത്തിന്റെ മുഖഛായ നൽകി. വികസനത്തിന്റെയും കാരുണ്യത്തിന്റെയും ജനകീയ സർക്കാരെന്ന വിശേഷണമാണ് ഉമ്മൻചാണ്ടി സർക്കാരിനെ കേരളരാഷ്ട്രീയചരിത്രം രേഖപ്പെടുത്താൻ പോകുന്നത്. അഞ്ചു വർഷം മുൻപ് യു.ഡി.എഫ് ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് വീണ്ടുമൊരു ജനവിധിക്കായി ജനങ്ങളെ സമീപിക്കുന്നത്. ഭരണത്തുടർച്ചയ്ക്കായി ജനപിന്തുണ യു.ഡി.എഫ് അഭ്യർത്ഥിക്കുന്നത് അടുത്ത അഞ്ചുകൊല്ലംകൂടി അധികാരത്തിൽ തുടരാൻവേണ്ടി മാത്രമല്ല, വികസനത്തുടർച്ചയ്ക്കുകൂടിയാണ്; കരുതലിന്റെ കരുത്തിലൂടെ കാരുണ്യത്തിന്റെ കരസ്പർശംകൊണ്ട് അവശരെ കരകയറ്റാനാണ്.

വികസനനേട്ടങ്ങളുടെയും, ജീവകാരുണ്യപ്രവർത്തനങ്ങളുടെയും ആത്മവിശ്വാസത്തോടെയും, ജനക്ഷേമകരമായ സുസ്ഥിര ഭരണത്തിന്റെ ആത്മസംതൃപ്തിയോടെയുമാണ് രാഷ്ട്രീയപ്രബുദ്ധരായ ജനങ്ങളെ യു.ഡി.എഫ് സമീപിക്കുന്നത്.

വികസനത്തുടർച്ചയ്ക്കും കാരുണ്യത്തിനുമുള്ള കർമപരിപാടികളുമായി യു.ഡി.എഫ് നയരേഖ വിനയപൂർവം സമർപ്പിക്കുന്നു.

ഐക്യജനാധിപത്യമുന്നണി സർക്കാർ കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ശക്തിയും ഊർജവും നൽകി. ഇത് കേരളത്തിന്റെ സാമ്പത്തികവളർച്ചയ്ക്ക് വഴിയൊരുക്കി. നമ്മുടെ ചിരകാലസ്വപ്നമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണം ആരംഭിച്ചു.

7525 കോടി രൂപയുടെ അടങ്കൽത്തുകയുള്ള വിഴിഞ്ഞം തുറമുഖം രാജ്യത്തെ ഏക വിവിധോദ്ദേശ്യ ആഴക്കടൽ തുറമുഖമായിത്തീരുമ്പോൾ ആയിരക്കണക്കി നാളുകൾക്ക് തൊഴിലവസരം ലഭിക്കും.

കണ്ണൂർ വിമാനത്താവളത്തിൽ വിമാനമിറങ്ങിയതോടെ ഉത്തരകേരളത്തിന്റെ പുരോഗതിയുടെ വേഗത വർധിക്കും. 580 കിലോമീറ്റർ ദൈർഘ്യമുള്ള കേരള ത്തിന് തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട്, കണ്ണൂർ എന്നീ നാലു വിമാനത്താവളങ്ങളായി. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങിനിർത്തുന്ന വടക്കേ മലബാറിലെ പ്രവാസി മലയാളികൾക്കുള്ള യു.ഡി.എഫ് സർക്കാരിന്റെ സ്നേഹോ പഹാരമാണ് കണ്ണൂർ വിമാനത്താവളം.

കൊച്ചിയുടെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമുണ്ടാക്കുന്ന കൊച്ചി മെട്രോ റെയിൽ ചൂളം വിളിച്ച് ഓടിത്തുടങ്ങുന്നു. 1095 ദിവസംകൊണ്ട് 2016 ജൂണിൽ ഈ മെഗാപദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാവും. 125 കി.മീറ്റർ ദൂര മുള്ള തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽവേ പദ്ധതിക്ക് കേന്ദ്ര സർക്കാരുമായി കേരളം കരാർ ഒപ്പിട്ടു. 6728 കോടി രൂപയുടെ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിലുകളുടെ നിർമാണത്തിന് തുടക്കം കുറിച്ചു.

90000 പേർക്ക് തൊഴിൽ നൽകുന്ന കൊച്ചിയിലെ സ്മാർട്ട് സിറ്റിയുടെ ഉദ്ഘാ ടനത്തോടെ ഐ.ടി രംഗത്ത് കേരളം മുന്നേറുകയാണ്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ 8 ലക്ഷം പരാതികൾ തീർപ്പാ ക്കി. ദുരിതാശ്വാസനിധിയിൽനിന്നും 798.73 കോടി രൂപ അശരണർക്ക് ആശ്വാസ മായി നൽകി. സാമൂഹ്യക്ഷേമ പെൻഷനുകളുടെ കാര്യത്തിൽ കഴിഞ്ഞ 5 വർഷം സർവകാല റിക്കാർഡാണ് ഐക്യജനാധിപത്യമുന്നണി സർക്കാർ കൈവരിച്ചത്. 2010-11 ൽ വിവിധ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 12.9 ലക്ഷവും ഒരു വർഷം കൊടുത്ത പെൻഷൻ തുക 522.11 കോടി രൂപയും ആയിരുന്നത് കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 34.06 ലക്ഷവും ഒരു വർഷം കൊടുത്ത പെൻഷൻതുക 2769.44 കോടി രൂപയുമാണ്. 5 ഇരട്ടിയി ലധികം തുകയാണ് 5 വർഷം കൊണ്ട് 34 ലക്ഷം കുടുംബങ്ങളിൽ എത്തിച്ചത്. ഇനി ഈ തുക ജീവനക്കാർക്ക് മാസശമ്പളം കിട്ടുന്നതുപോലെ മാസംതോറും പതിനഞ്ചാം തീയതി പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലോ അല്ലെങ്കിൽ മണി ഓർഡർ ആയോ ലഭിക്കുന്ന സാഹചര്യം ഉറപ്പാക്കുന്നതാണ്. വിധവാ പെൻഷൻ, കർഷക പെൻഷൻ, വാർധക്യകാല പെൻഷൻ, തൊഴിലില്ലായ്മ വേതനം, അവി വാഹിത അമ്മമാർ, എൻഡോസൾഫാൻ ദുരിതബാധിതർ, മാരകരോഗം ബാധിച്ച കുട്ടികൾ, ബധിര-മൂക കുഞ്ഞുങ്ങൾ, മാതാവോ പിതാവോ മരിച്ച കുട്ടികൾ എന്നി ങ്ങനെ ജീവിതത്തിലെ സമസ്ത മേഖലകളിലുമുള്ളവർക്ക് സാന്ത്വനസ്പർശം നൽകാൻ യു.ഡി.എഫ് സർക്കാരിനു കഴിഞ്ഞു.

അഞ്ചു ഗവൺമെന്റ് മെഡിക്കൽ കോളേജുകളുണ്ടായിരുന്ന നമ്മുടെ സംസ്ഥാ നത്ത് ഇപ്പോൾ 16 മെഡിക്കൽ കോളേജുകളായി വർധിച്ചു. സർക്കാർ ആശുപ ത്രികളിൽ ചികിത്സയും മരുന്നും സൗജന്യമായി. ഇന്ത്യയിലെ ആദ്യത്തെ പട്ടിക ജാതി മെഡിക്കൽ കോളേജ് 2015-ൽ പാലക്കാട് ആരംഭിച്ചു. കാരുണ്യ ചികിത്സാ

സഹായ പദ്ധതിയിലൂടെ ഒന്നരലക്ഷം പേർക്ക് 1200 കോടി രൂപ ധനസഹായം നൽകി. അന്യസംസ്ഥാന ലോട്ടറിയിലൂടെ ലോട്ടറി രാജാക്കന്മാർ ചൂഷണം ചെയ്ത് കോടികൾ സമ്പാദിച്ചിരുന്ന സാഹചര്യം കാരുണ്യ ലോട്ടറിയിലൂടെ തടയാൻ സാധിച്ചു. മുമ്പുണ്ടായിരുന്ന ലോട്ടറിക്കു പകരം കാരുണ്യ ലോട്ടറി ആരംഭിച്ച് അതിലൂടെ നടത്തിയ ധനസമാഹരണം ചികിത്സാപദ്ധതിക്കായി ചെലവഴിച്ചു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ഒരു രൂപയ്ക്കു നൽകിയിരുന്ന അരി ഈ വർഷത്തെ ബജറ്റിലൂടെ യു.ഡി.എഫ് സർക്കാർ സൗജന്യമാക്കി.

ജൈവകൃഷി വ്യാപകമാക്കി. വിഷരഹിത ഭക്ഷ്യോൽപ്പാദനത്തിന് കർഷക സമൂഹത്തെ ബോധവൽക്കരിച്ചു. നീരനിർമാണത്തിന് അനുവാദം നൽകിയതിലൂടെ കേരകർഷകർക്ക് ആശ്വാസം അനുഭവപ്പെട്ടു തുടങ്ങി. വിലയിടിവുമൂലം പ്രതിസന്ധിയിലായ റബർ കർഷകർക്ക് ആശ്വാസമായി വിലസ്ഥിരതാപദ്ധതിക്ക് 800 കോടി രൂപ മാറ്റിവെച്ചു.

കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിയെക്കാളും ഉയർത്താൻ കഴിഞ്ഞു. മിനിമം കൂലി വർധിപ്പിക്കാനും, രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണയോജന പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വൈദ്യുതി നൽകാനും, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 6510 കോടി രൂപ ചെലവഴിക്കാനും കഴിഞ്ഞു.

അഭ്യസ്തവിദ്യർക്ക് നാട്ടിൽത്തന്നെ തൊഴിൽ നേടാൻ കേരളം ആരംഭിച്ച യുവസംരംഭകരുടെ **സ്റ്റാർട്ട് അപ്പ്** പദ്ധതി ദേശീയതലത്തിൽത്തന്നെ ഏറ്റെടുത്തു. 3000 കോടി രൂപയായിരുന്ന ഐ.ടി. കയറ്റുമതി 15000 കോടി രൂപയായി ഉയർത്താനും ഈ രംഗത്ത് ഒരു ലക്ഷത്തിൽപ്പരം പേർക്ക് നേരിട്ട് തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട്, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ബൈപാസുകളുടെ നിർമാണം അവസാനഘട്ടത്തിലാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ 58,398 കുടുംബങ്ങൾക്ക് 3 സെന്റുവീതം ഭൂമി വിതരണം ചെയ്തു. കാസർകോട്, കണ്ണൂർ, ഇടുക്കി ജില്ലകൾ ഭൂരഹിതരില്ലാത്ത ഇന്ത്യയിലെ ആദ്യ ജില്ലകളായി. ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 300 കോടി രൂപ ചെലവഴിച്ച് 15000 വീടുകൾ സൗജന്യമായി നിർമിച്ചു നൽകി. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇരുപതുതരം പ്രതിമാസ പെൻഷനുകളുടെ തുക അൻപതു ശതമാനം വർധിപ്പിച്ചു. കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, വിധവകൾ, അവിവാഹിതർ, കാൻസർ രോഗികൾ, അഗതികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങി 25 ലക്ഷം പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. തീരദേശ വികസന അതോറിട്ടിയും, മലയോര വികസന അതോറിട്ടിയും രൂപീകരിച്ചു.

സർക്കാരിന്റെ റവന്യൂവരുമാനം കുറയുമെന്നറിഞ്ഞിട്ടും കേരളസമൂഹത്തെ മദ്യാസക്തിയെന്ന സാമൂഹികവിപത്തിൽനിന്നും രക്ഷിക്കാൻ 730 ബാറുകൾ അടച്ചുപൂട്ടി. ബിവറേജസ് കോർപറേഷന്റെ പത്തു ശതമാനം വിദേശമദ്യവിൽപ്പനശാലകൾ ഓരോ വർഷവും അടച്ചുപൂട്ടുകയാണ്. കേരളം സമ്പൂർണ മദ്യനിരോധനത്തിലേക്കു നീങ്ങുന്നു.

ഇടതുമുന്നണി ഗവണ്മെന്റ് 2011-ൽ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്ത

രവ് നടപ്പാക്കിയത് യു.ഡി.എഫ് സർക്കാരാണ്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശിക ഇല്ലാതെ കഴിഞ്ഞ അഞ്ചുവർഷവും കേന്ദ്രനിരക്കിൽ ക്ഷാമബത്ത നൽകി. പത്താം ശമ്പളക്കമ്മിഷനെ കൃത്യസമയത്ത് നിയമിക്കുകയും, കമ്മിഷൻ സമർപ്പിച്ച ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തു.

തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം 2011-12 ലെ 2574 കോടി രൂപയിൽനിന്നും 2016-17 ൽ ഇരട്ടിയിലധികം വർധിപ്പിച്ച് 5500 കോടിയാക്കി ഉയർത്തിയത് യു.ഡി.എഫ് സർക്കാരാണ്.

കേരളത്തിന്റെ സുസ്ഥിര വികസനമാണ് യു.ഡി.എഫ് ലക്ഷ്യമിടുന്നത്. ഇതിനായി **"കേരള വികസന പരിപ്രേക്ഷ്യം 2030"** എന്ന വികസനപദ്ധതിക്ക് യു.ഡി.എഫ് സർക്കാർ രൂപം നൽകി.

ക്രമസമാധാന പരിപാലനമെന്ന സർക്കാരിന്റെ ഉത്തരവാദിത്വം കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കാൻ യു.ഡി.എഫ് സർക്കാരിനു കഴിഞ്ഞു. ഓപ്പറേഷൻ കുബേരയിലൂടെയും, ഓപ്പറേഷൻ സുരക്ഷയിലൂടെയും ബ്ലേഡ്മാഫിയയുടെ ചൂഷണത്തിൽനിന്നും പാവപ്പെട്ടവരെ സംരക്ഷിച്ചു. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയിലൂടെ ലഹരിയുടെ പിടിയിൽ നിന്നും വിദ്യാർത്ഥിസമൂഹത്തെ രക്ഷിക്കുന്നതിനു ഫലപ്രദമായ പ്രവർത്തനം നടത്തുവാൻ കഴിഞ്ഞു.

ഭരണഭാഷ മലയാളം മാത്രമാക്കിക്കൊണ്ട് നിയമം പാസ്സാക്കി. സർക്കാർ സ്കൂളുകളിൽ ഒന്നാം ഭാഷ മലയാളമാക്കി. ഭാഷാപ്രേമികളുടെ സ്വപ്നമായിരുന്ന മലയാളം സർവകലാശാല തിരൂരിൽ തുടങ്ങി. സാങ്കേതിക സർവകലാശാല, കേരളത്തിലെ ആദ്യത്തെ ഐ.ഐ.ടി., 140 നിയോജകമണ്ഡലങ്ങളിലും ആർട്സ് & സയൻസ് കോളെജുകൾ, പതിനൊന്ന് സ്വയംഭരണ കോളെജുകൾ എന്നിവ ആരംഭിക്കാനും കഴിഞ്ഞു. സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യസംസ്ഥാനമായി കേരളത്തെ ഉയർത്താനും അഞ്ചുവർഷം കൊണ്ട് യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിൽ ശ്രീനാരായണ ഗുരുവിന്റെ ജീവിതവും ദർശനവും പാഠ്യവിഷയമാക്കി. ഈ നേട്ടങ്ങൾക്ക് മകുടം ചാർത്തിക്കൊണ്ട് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി നേടിയെടുക്കാൻ കഴിഞ്ഞു.

യു.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തന നേട്ടങ്ങളും, അടുത്ത അഞ്ചുവർഷത്തേക്കുള്ള കർമപരിപാടികളുമാണ് ഈ പ്രകടനപത്രികയിലൂടെ ഞങ്ങൾ ജനസമക്ഷം സമർപ്പിക്കുന്നത്.

# 1. കൃഷിയും അനുബന്ധ മേഖലകളും

## (a) കൃഷിയും ഭക്ഷ്യസുരക്ഷയും

- നെല്ല് ഉൽപ്പാദനത്തിൽ കേരളത്തിനു സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടിയിരിക്കുന്നു. ആലപ്പുഴ ജില്ലയിലെ റാണി-ചിത്തിര കായലുകൾ നെൽകൃഷിക്കു യോഗ്യമാക്കിയതുപോലുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കും. നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർധിപ്പിക്കുവാനും ശ്രമിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രത്യേക പാക്കേജ് നടപ്പിലാക്കും. പഴം, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടി സ്വീകരിക്കും. പ്രകൃതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും കോട്ടം തട്ടാത്ത രീതിയിൽ ജൈവകൃഷി പ്രോത്സാഹിപ്പിച്ചു പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കും.
- ജൈവകൃഷി വർദ്ധിപ്പിക്കുന്നതിനും കൃഷിക്കാർക്കു ലാഭകരമായ വരുമാനം ലഭിക്കുന്നതിനും ജൈവകൃഷിക്കു സബ്സിഡി നൽകും.
- ജൈവവിള കൃഷിയിലൂടെ കൃഷിക്കാർക്കു മെച്ചപ്പെട്ട വില കിട്ടുവാൻ പ്രാപ്തമായ രീതിയിൽ വിളകളുടെ സംഭരണം, വിതരണം, കേടുകൂടാതെയുള്ള സൂക്ഷിപ്പ്, വിപണനം എന്നിവ ഏകോപിപ്പിക്കുവാൻ **ജൈവകൃഷി ബോർഡ്** രൂപീകരിക്കും.
- പഴം, പച്ചക്കറി എന്നിവ ഉപയോഗിച്ചു വലിയ തോതിലുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും നിർമാണത്തിനും വളരെ വിപുലമായ തോതിൽ ചെറുകിട-ഇടത്തരം സംസ്കരണ സംരംഭങ്ങൾ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കും.
- ചക്ക, മാങ്ങ മുതലായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ചു മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമിക്കുവാൻ വളരെ വ്യാപകമായ തോതിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കും. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ വ്യവസായ എസ്റ്റേറ്റുകളും പ്രത്യേക ഗവേഷണ

സ്ഥാപനങ്ങളും ആരംഭിക്കും.

- പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനുള്ള ലക്ഷ്യത്തോടെ അതിബൃഹത്തായ ഒരു പരിപാടി തയാറാക്കി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കും. ഇവ ഉപയോഗിച്ചു മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമിക്കുവാനാവശ്യമായ സംസ്കരണയൂണിറ്റുകൾ വലിയ തോതിൽ ആരംഭിക്കും.ഇതിനാവശ്യമായ വ്യവസായ എസ്റ്റേറ്റുകളും ഗവേഷണസ്ഥാപനങ്ങളും ആരംഭിക്കും.
- ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ 'യുവസംരംഭകരെ' കണ്ടെത്തി സ്കിൽ ഡവലപ്മെന്റിനാവശ്യമായ 'സംരംഭകപരിശീലനം' നൽകുകയും സഹകരണസംഘങ്ങളും ബാങ്കുകളും വഴി മൂലധനനിക്ഷേപത്തിനാവശ്യമായ വായ്പ ലഭ്യമാക്കുകയും ചെയ്യും.
- കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിലും അഗ്രോ സർവീസ് കേന്ദ്രങ്ങളിലൂടെ കൃഷിക്കാവശ്യമായ വിത്ത്, വളം, തൈകൾ, കാർഷിക ഉപകരണങ്ങൾ, വിളവെടുപ്പിനാവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവയും തൊഴിൽസേനയെയും ലഭ്യമാക്കും.
- കർഷകരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ ഫാർമർ റീഡ്രസ്സൽ & വെൽഫയർ അദാലത്ത് ബോർഡ് രൂപീകരിക്കും. കൃഷി-മൃഗസംരക്ഷണം-ക്ഷീരവകുപ്പ് ഉദ്യോഗസ്ഥന്മാർ, ബാങ്ക് പ്രതിനിധികൾ, അഭിഭാഷകർ, സാമൂഹിക-സാമ്പത്തിക ശാസ്ത്രജ്ഞന്മാർ, ജനപ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിലായിരിക്കും ഇതിന്റെ പ്രവർത്തനം.

**സംഭരണ വില**

- നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവില ഉയർത്തും.

## (b) പലിശരഹിത വായ്പ

- യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ ഇൻസെന്റീവ് ഉപയോഗിച്ച് പലിശയിളവ് നൽകുന്നതാണ്.
- മാനസികമായും സാമ്പത്തികമായും തകർന്ന കർഷകരുടെ രക്ഷയ്ക്കായി വായ്പാ സമാശ്വാസ ഫണ്ട് നൽകൽ, കൗൺസിലിങ്, വായ്പ തിരിച്ചടവുശേഷി വർധിപ്പിക്കാനുള്ള മാർഗനിർദേശങ്ങൾ, കർഷകരുടെ കോടതി കേസുകൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിന് സൗജന്യ നിയമസഹായം

ലഭ്യമാക്കും.

- കാർഷികവിളകൾക്കു കാർഷിക ഇൻഷുറൻസ് നൽകുവാനും പ്രകൃതിക്ഷോഭത്തിൽനിന്നും കീടരോഗബാധയിൽനിന്നും ഉണ്ടാകുന്ന നഷ്ടത്തിന് അടിയന്തിര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം സഹായങ്ങൾ നൽകാനും നടപടി സ്വീകരിക്കും.
- കൃഷി ബമ്പർ ലോട്ടറി ആരംഭിച്ച് കൃഷിനാശം സംഭവിക്കുന്ന പാവപ്പെട്ട കൃഷിക്കാർക്ക് ആശ്വാസം നൽകും. ഇതിനുവേണ്ടി ഒരു **കൃഷിനിധി** രൂപീകരിക്കും.
- കർഷകപെൻഷൻ 1000 രൂപ ആയി വർധിപ്പിക്കും.
- കൃഷിഭൂമിയും (നെൽകൃഷിയും) ജലസ്രോതസ്സുകളും സംരക്ഷിക്കുന്നവർക്ക് പാരിസ്ഥിതിക പ്രോത്സാഹന ധനസഹായം നൽകും.
- മൊത്തം കൃഷിഭൂമിയിൽ സമ്മിശ്രകൃഷിരീതികൾ ആധുനിക മാർഗങ്ങളിലൂടെ മാതൃകാപരമായി നടപ്പിലാക്കി കൃഷിഭൂമിയെ ഒരു ഫാം എന്ന നിലയ്ക്ക് ഉയർത്തി വിള സാന്ദ്രതാ വർധനവിലൂടെയും വിള പരിപാലന രീതിയിലൂടെയും ഉൽപ്പാദനക്ഷമത വർധിപ്പിച്ച് മികച്ച വരുമാനം ഉണ്ടാക്കുന്ന ഒരു ഹെക്ടർ വരെ കൃഷിഭൂമിയുള്ള-നാമമാത്ര കർഷകർക്ക് ഹെക്ടറിന് 10,000 രൂപ വരെ പ്രോത്സാഹന ബോണസ് നൽകും.
- സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികവിളകൾക്ക് വിപണി സൗകര്യം മെച്ചപ്പെടുത്താനും മികച്ച വില ഉറപ്പു വരുത്തുവാനും, ഏകീകരണത്തിനുമായി ഗ്രാമതലത്തിലും ബ്ലോക്കുതലത്തിലും പ്രവർത്തിക്കുന്ന വിപണികളെ ഏകോപിപ്പിച്ച് ജില്ലാതല കാർഷിക വിപണന ഏജൻസികൾ രൂപീകരിക്കും.
- വീട്ടുപരിസരത്തുതന്നെ യുവതീ-യുവാക്കൾക്ക് ആദായകരമായ തൊഴിലായി ഹൈടെക് കൂൺകൃഷി നടപ്പിലാക്കുന്നതിന് കൂൺ വിത്ത്, പരിശീലനം, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കായി മുടക്കേണ്ട തുകയുടെ 50 ശതമാനം സർക്കാർ സബ്സിഡിയായി നൽകും. ബാക്കി 50 ശതമാനത്തിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുവേണ്ട സഹായവും നൽകും. ഉൽപ്പാദിപ്പിക്കുന്ന കൂൺ ക്ലസ്റ്റർ ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാനുള്ള സൗകര്യവും ഒരുക്കും. സംസ്ഥാന ഹോർട്ടിക്കൾച്ചറൽ മിഷൻ വഴി ഈ പദ്ധതി നടപ്പിലാക്കും.
- യുവതീ-യുവാക്കൾക്ക് മികച്ച വരുമാനം ഉണ്ടാക്കാൻ ഉതകുന്ന വ്യക്തിഗത തേൻ ഉൽപ്പാദനത്തിനു വേണ്ട തേനീച്ച കോളനി, പെട്ടി, ചെറു ഉപകരണങ്ങൾ എന്നിവയ്ക്ക് ആവശ്യമായ

തുകയുടെ 50 ശതമാനം സർക്കാർ സബ്സിഡിയായി നൽകും. ബാക്കി 50 ശതമാനം ലഭിക്കാൻ ബാങ്ക് വായ്പയ്ക്കുള്ള സഹായമൊരുക്കും.

### (c) ജൈവകൃഷി പ്ലസ് പദ്ധതി

- കുടുംബകൃഷി പ്രോത്സാഹനപദ്ധതി: പുതിയ വീടുകൾ, വില്ലകൾ, ഫ്ളാറ്റുകൾ എന്നിവ നിർമിക്കുമ്പോൾ സ്ഥലസൗകര്യമനുസരിച്ചും അംഗങ്ങളുടെ എണ്ണം അനുസരിച്ചുമുള്ള ഒരു 'പോഷകജീവകത്തോട്ട' പദ്ധതി ആവിഷ്കരിക്കും.

  റൂഫ് ടോപ്പ്, പോളി ഹൗസ്, വെർട്ടിക്കിൾ നെറ്റ് ഫാമിങ്, തുള്ളിനന ഹോംകിറ്റുകൾ, ഫൈബർഗ്ലാസ് ഹൗസ്, ലംബകൃഷിത്തട്ടുകൾ, ഗ്രോബാഗുകൾ/ഗ്രോക്യൂബുകൾ, കണ്ടെയ്നർ കൃഷി തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുക.
- വീട്ടുവളപ്പിൽ 'ഇന്റഗ്രേറ്റഡ് വെർട്ടിക്കൾ ഫാം', അക്വാപോണിക്സ് എന്നീ നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ഇവയ്ക്കുവേണ്ട ചെലവിന്റെ 50% സബ്സിഡിയായി ലഭ്യമാക്കുകയും ചെയ്യും.
- ജൈവവളം, ജൈവ കീടനാശിനി, വിത്ത്, സാങ്കേതിക നിർദേശങ്ങൾ എന്നിവ അടങ്ങുന്ന ഉൽപ്പാദന ഉപാധി കിറ്റ് ലഭ്യമാക്കും.
- കോളേജ് വിദ്യാർത്ഥികളെ ജൈവകൃഷിയിലേക്ക് ആകർഷിക്കുവാൻ സർവകലാശാലാ തലത്തിൽ പദ്ധതി ആവിഷ്കരിക്കും. സ്കൂൾതലത്തിൽ ജൈവകൃഷി ഒരു പാഠ്യവിഷയമായി കൊണ്ടുവരികയും തുടർന്ന് പ്രായോഗിക പരിശീലനവും ഉൽപ്പാദനോപാധികളും സൗജന്യമായി നൽകുകയും ചെയ്യും.
- ജൈവകൃഷി ഒരു 'ഏകജാലക സംവിധാനം' – ഉൽപ്പാദനോപാധികൾ, പ്രോജക്ട് രൂപീകരണം, ശാസ്ത്രീയ മാർഗനിർദേശം, സർട്ടിഫിക്കേഷൻ, മാർക്കറ്റിങ് നിർദേശങ്ങൾ നൽകുവാനുമുള്ള സംവിധാനം തുടങ്ങിയവ കാർഷിക സർവകലാശാല, കൃഷിവകുപ്പ്, മറ്റു അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കൊണ്ടുവരും.

### (d) അഗ്രി ബയോപാർക്കുകൾ

- പഴം, പച്ചക്കറി ഉൽപ്പന്നങ്ങളെ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുള്ള സംവിധാനം കൃഷിവകുപ്പിന്റെയും കൃഷി ഗവേഷണ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കും. ഈ പദ്ധതിപ്രകാരം അസംസ്കൃതവസ്തുവുമായി വരുന്ന ഒരു കർഷകന്, അത് വിപണന വസ്തുവായി മാറ്റുന്ന തരത്തിലുള്ള സൗകര്യമുണ്ടായിരിക്കും.

- 'സേഫ് ടു ഈറ്റ് (കേരള)' എന്ന ബ്രാന്റിൽ ജൈവകൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുകയും 'ഫുഡ് കോർട്ടുകൾ' സ്ഥാപിക്കുകയും ചെയ്യും.

## (e) ഫീഡ് മാർക്കറ്റുകൾ

- വഴിയോര ജൈവകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കും. ഇത് സർക്കാർ ഫാമുകളിലും സ്ഥല ലഭ്യതയുള്ള മറ്റു ഗവണ്മെന്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കും.
- 'വെർച്വൽ ക്ലാസ് റൂം' എല്ലാ കൃഷി ഭവനുകളിലും ലഭ്യമാക്കും. പുതിയ സാങ്കേതികവിദ്യകളും, കൃഷിശാസ്ത്രപഠനവും യുവാക്കൾക്കും, കൃഷിക്കാർക്കും ലഭ്യമാക്കാനുള്ള പദ്ധതി കാർഷിക സർവകലാശാലയുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ്.
- കർഷകർക്ക് ആധുനികകൃഷി വിജ്ഞാനം നൽകുന്നതിന് കൃഷിപുസ്തക കോർണർ എല്ലാ വായനശാലകളിലും കൃഷി ഭവനുകളിലും പുനരുജ്ജീവിപ്പിക്കും.
- നാളികേരവും റബ്ബറും ഉൾപ്പെടെയുള്ള കേരളത്തിന്റെ പ്രധാനപ്പെട്ട വിള ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനായി താങ്ങുവില പ്രഖ്യാപിക്കലും അതിനനുസരിച്ചുള്ള ഉൽപ്പന്നസംഭരണവും വിപണിസഹായവും നൽകും.
- നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിളപരിപാലനത്തിന് പരസഹായമില്ലാതെ ഉപയോഗിക്കാൻ തയാർ ചെയ്തിട്ടുള്ള (ready to use) ഉൽപ്പാദനോപാധികളുടെ നിർമാണ വിപണന സംരംഭം തുടങ്ങും.
- ചെറുകൃഷിയിടങ്ങൾക്ക് അനുയോജ്യമായ ചെറുകിട കാർഷിക യന്ത്രങ്ങളുടെ പരിശീലനം നൽകും.
- ഹൈടെക് കൃഷിയുടെ പ്രോത്സാഹനത്തിനായി വിദഗ്ധരും ടെക്നീഷ്യന്മാരും അടങ്ങുന്ന ഹൈടെക് കൃഷി വികസന ഏജൻസി തുടങ്ങും.
- "തരിശിൽ നിന്നും നൂറുമേനി' എന്ന പദ്ധതിയിലൂടെ തരിശിട്ടിരിക്കുന്ന കൃഷിയിടങ്ങൾ വ്യക്തിയടിസ്ഥാനത്തിലും ഗ്രൂപ്പടിസ്ഥാനത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കും.
- ജൈവ (കാർഷിക) മാലിന്യങ്ങൾ സംസ്കരിച്ച് ജൈവ വളമാക്കാനുള്ള ബൃഹത്തായ പദ്ധതി ആരംഭിക്കും.
- 'സേവനം കൃഷിയിലൂടെ' എന്ന പദ്ധതി മുഖേന വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, യുവജനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവ

രുടെ കൂട്ടായ്മയിലൂടെ കാർഷിക സംസ്കാരം വളർത്തിയെടുക്കുവാൻ ശ്രമിക്കും.

- കാർഷിക മേഖലയിൽ പൊതുമേഖല-സ്വകാര്യമേഖല പങ്കാളിത്തത്തോടെ സംരംഭങ്ങൾ ശക്തിപ്പെടുത്തും.

## (f) റബർ കൃഷിക്കാർക്ക് സഹായം

- വിലത്തകർച്ചമൂലം ദുരിതത്തിലായ റബർകൃഷിക്കാരെ സഹായിക്കുവാനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ മുഴുവൻ നാമമാത്ര-ചെറുകിട കൃഷിക്കാരെയും ഉൾപ്പെടുത്തുന്നതിനും ആനുകൂല്യം നൽകുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കും. ഇപ്പോൾ കിലോഗ്രാമിനു നൽകുന്ന 150 രൂപ വർധിപ്പിക്കുവാൻ കേന്ദ്രത്തിൽനിന്നും 1000 കോടി രൂപ ആവശ്യപ്പെടും.
- റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി തുടങ്ങുന്നതിനൊപ്പം പൊതുവിപണിയിൽ റബർവില ഉയർത്തുന്നതിനു റബർ കൃഷിക്കാരിൽനിന്നും ന്യായവിലയ്ക്ക് റബർ സംഭരിക്കും. ഇതിനായി റബർ മാർക്കറ്റിങ് ഫെഡറേഷൻ (റബർമാർക്ക്), റബർ മാർക്കറ്റിങ് സംഘങ്ങൾ, മാർക്കറ്റിങ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്), ആയിരത്തിലധികം വരുന്ന പ്രാഥമിക വായ്പാ സംഘങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തും.
- സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന മൊത്തം റബറും ഉയർന്ന വിലയ്ക്ക് സർക്കാർതലത്തിൽ സംഭരിക്കുകയും അതിന്റെ സംസ്കരണത്തിനായി സർക്കാർതലത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യും. സബ്സിഡി കർഷകർക്ക് നേരിട്ടു നൽകുന്നതിനു പകരം അതുകൂടി ഉൾപ്പെടുന്ന വിലയ്ക്ക് റബർ സംഭരിക്കും.
- ഏലകൃഷിക്കാർക്കു ന്യായവില ലഭ്യമാക്കുന്നതിന് റബറിന്റെ കാര്യത്തിൽ സ്വീകരിച്ചപോലെ ഒരു incentive scheme കൊണ്ടുവരുന്നതാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ വില നിശ്ചിത പരിധിയിൽ നിന്നും താഴ്ന്നുവന്നാൽ ഈ വിളയ്ക്ക് നികുതിയിളവുകൾ അനുവദിക്കും.
- കാർഷിക വായ്പയ്ക്ക് പലിശ സബ്സിഡി നൽകുവാനുള്ള നടപടി സ്വീകരിക്കും.
- കാർഷികഉൽപ്പന്നങ്ങളുടെ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുംവിധം തരിശുഭൂമി, വീട്ടുവളപ്പ് എന്നിവിടങ്ങളിൽ

പങ്കാളിത്ത കാർഷിക വികസനപദ്ധതി (ഭൂവുടമ, തദ്ദേശസ്ഥാപനം, കർഷകർ എന്നിവരുടെ പങ്കാളിത്തത്തോടെ) നടപ്പിലാക്കും.

- ♦ സ്വകാര്യവ്യക്തികളുടെയും സർക്കാരിന്റെയും കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന കൃഷിയോഗ്യമായ ഭൂമി കൃഷിഭവനുകൾ വഴി ഏറ്റെടുത്ത് കർഷക - തൊഴിലാളികളുടെ കൂട്ടായ്മയിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉപയോഗിക്കും. സ്കൂളുകളിൽ കാർഷിക ക്ലബുകൾ ആരംഭിച്ച് കുട്ടികളെ കൃഷിയോട് താൽപ്പര്യമുള്ളവരാക്കും.
- ♦ ഭക്ഷ്യസുരക്ഷയ്ക്കായി മുഴുവൻ പാടശേഖരങ്ങളും (പുഞ്ചയും വിരുപ്പും) കൃഷിയോഗ്യമാക്കുകയും തൊഴിലുറപ്പ് പദ്ധതി വഴി പാടശേഖരം വൃത്തിയാക്കി വിത്തും വളവും കീടനാശിനിയും വിതരണം ചെയ്യുന്ന പദ്ധതി രൂപീകരിക്കുകയും, കരകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## (g) മൃഗസംരക്ഷണവും ക്ഷീരവികസനവും

- ♦ ഓരോ നിയോജകമണ്ഡലത്തിലും മാതൃകാ കന്നുകാലിഗ്രാമം ആരംഭിച്ച് സംശുദ്ധമായ പാലുൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യും. ഇതുവഴി കുടുംബങ്ങൾക്ക് തൊഴിലും ആദായവും ലഭ്യമാകും.
- ♦ കോഴി കർഷകർക്ക് കോഴിയും, കോഴിത്തീറ്റയും സബ്സിഡി നിരക്കിൽ നൽകും.
- ♦ ക്ഷീരകർഷകർക്ക് സമഗ്ര കാലിത്തീറ്റ സബ്സിഡി നടപ്പിലാക്കും.
- ♦ ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വർഷം വാണിജ്യാടിസ്ഥാനത്തിൽ 100 ആടുവളർത്തൽ ഫാമുകളും, 100 ഡയറി ഫാമുകളും, 100 മുയൽ വളർത്തൽ കേന്ദ്രങ്ങളും, 100 പന്നിവളർത്തൽ കേന്ദ്രങ്ങളും ആരംഭിച്ച് ഒരു വർഷം ഒരുലക്ഷം യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകും. ഇതുവഴി പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കും.

# 2. എല്ലാവർക്കും വീട്

- ഭവനരഹിതർക്കെല്ലാം അഞ്ചുവർഷം കൊണ്ട് വീടു നിർമിച്ചു നൽകും.
- ബി.പി.എൽ.വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ബുദ്ധിമാന്ദ്യം ഉള്ളവർക്കും കാഴ്ചശക്തിയില്ലാത്തവർക്കും വീടു നിർമിച്ചു നൽകും.
- കയർതൊഴിലാളികൾക്കു വേണ്ടി സമഗ്ര ഭവന പദ്ധതി നടപ്പിലാക്കും.
- കൈത്തറി, ഓട്, മൺപാത്രം, മുള, ഈറ മുതലായ പരമ്പരാഗത വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക ഭവനപദ്ധതി നടപ്പിലാക്കും.
- ലക്ഷംവീട് പദ്ധതിയിൽ പണിത എല്ലാ വീടുകളും പുതുതായി നിർമിക്കും. ഇരട്ടവീടുകൾ രണ്ടായി പണിതു നൽകും.
- ഭവനനിർമാണത്തിനാവശ്യമായ വായ്പാമൂലധനം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നാലു ശതമാനം പലിശയ്ക്ക് ലഭ്യമാക്കും.
- വീടു വയ്ക്കുവാൻ സ്വന്തമായി ഭൂമിയില്ലാത്ത എല്ലാ കുടുംബങ്ങൾക്കും മൂന്നു സെന്റ് ഭൂമി വീതം നൽകുന്ന **ഭൂരഹിതരില്ലാത്ത കേരളം പദ്ധതി** നടപ്പിലാക്കും.
- സ്വന്തമായി ഭൂമിയുള്ള, വീടുവയ്ക്കുവാൻ സാമ്പത്തികശേഷിയില്ലാത്തവർക്കായി ഒരു പ്രത്യേക ഭവനവായ്പാ പദ്ധതി ആരംഭിക്കും.
- പട്ടികവർഗവിഭാഗക്കാരുടെ ഭവനനിർമാണ ധനസഹായം മൂന്നര ലക്ഷം രൂപയായി ഉയർത്തും.
- പട്ടികജാതി വിഭാഗക്കാരുടെ ഭവനനിർമാണ ധനസഹായം മൂന്നു ലക്ഷം രൂപയായി ഉയർത്തും.
- വിശ്വകർമ-സ്വർണ-ചക്കാല ഉൾപ്പെടെയുള്ള സമുദായങ്ങൾക്കുള്ള ഭവനനിർമാണ വായ്പ മൂന്നു ലക്ഷം രൂപയാക്കും.
- മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവയ്ക്കുവാൻ മൂന്നു ലക്ഷം രൂപ സഹായം നൽകും.
- എല്ലാവർക്കും വീട് എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി ഭവന ബമ്പർ ലോട്ടറി ആരംഭിക്കും.

## 3. എല്ലാവർക്കും ഭക്ഷണം

- അംഗൻവാടികൾ വഴി പാവപ്പെട്ട എല്ലാ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം വിതരണം ചെയ്യും.
- ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അംഗൻവാടികൾ വഴി പോഷകാഹാരം വിതരണം ചെയ്യും.
- 65 വയസ്സു കഴിഞ്ഞ എല്ലാ സ്ത്രീ-പുരുഷന്മാർക്കും അംഗൻവാടികൾ വഴി ഉച്ചഭക്ഷണം വിതരണം ചെയ്യും.
- ഭിന്നശേഷിയുള്ളവർക്കെല്ലാം അംഗൻവാടികൾ വഴി ഉച്ചഭക്ഷണം വിതരണം ചെയ്യും.
- കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായി ഒരു സമഗ്രപദ്ധതി തയാറാക്കി നടപ്പിലാക്കും. കുടുംബശ്രീ വഴിയും സന്നദ്ധസംഘടനകൾ വഴിയുമായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.
- എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മാവേലി ഹോട്ടലുകൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് ഭക്ഷണം ലഭ്യമാക്കും.

## 4. എല്ലാവർക്കും ആരോഗ്യം

- വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസും കാൻസർ രോഗികൾക്കു സൗജന്യ നിരക്കിൽ മരുന്നുകളും നൽകും.
- സാമൂഹ്യസുരക്ഷയുടെ ഭാഗമായി എല്ലാ കുടുംബങ്ങളെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. എ.പി.എൽ കുടുംബങ്ങൾക്കു പ്രീമിയത്തിന്റെ ഒരു വിഹിതം നൽകും. ബി.പി.എൽ കുടുംബങ്ങളുടെ പ്രീമിയം ഗവണ്മെന്റ് നൽകും.
- ജീവൻരക്ഷാ മരുന്നുകൾ എല്ലാ ഗ്രാമങ്ങളിലും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കും.
- മരുന്നുകളിലെ മായം പരിശോധന കർശനമാക്കും.
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സർവതോമുഖമായ വികസനത്തിനു മുന്തിയ ഊന്നൽ നൽകും. സാമൂഹ്യസംഘടനകൾ, കോർപ്പറേറ്റ് കമ്പനികൾ എന്നിവയുടെ സഹായം സ്വീകരിച്ചുകൊണ്ട് ആവശ്യമായ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ദത്ത് എടുത്തുകൊണ്ടുള്ള പരിപാടി ആയിരിക്കും ആസൂത്രണം ചെയ്യുന്നത്. മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫിനാവശ്യമായ ആവർത്തനച്ചെലവുകൾ ഗവണ്മെന്റും തദ്ദേശഭരണ

സ്ഥാപനങ്ങളും സംയുക്തമായി ഏറ്റെടുക്കും. ഇതുവഴി ഗ്രാമ പ്രദേശങ്ങളിലെ 50-60 ശതമാനം ജനങ്ങളുടെ ആരോഗ്യ-വൈദ്യ ചികിത്സാ സഹായം ഇവിടെ ലഭ്യമാക്കും.

- ആയുർവേദ ഡിസ്പെൻസറികളും ഹോമിയോ ഡിസ്പെൻസറികളും ഇതേ മാതൃകയിൽ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.
- അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധ എന്നീ നാലു ചികിത്സാസഹായ സമ്പ്രദായങ്ങളെയും ഏകോപിപ്പിച്ച് സമഗ്ര ഗ്രാമീണ-ആരോഗ്യ ചികിത്സാ സഹായ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കും.
- തെരഞ്ഞെടുത്ത സർക്കാർ മെഡിക്കൽ കോളേജുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും.
- അവയവദാനം പ്രോത്സാഹിപ്പിക്കാൻ അവയവദാതാക്കൾക്ക് സർക്കാർ ഹോണററി അവാർഡുകൾ.
- രോഗചികിത്സയും ആരോഗ്യസംരക്ഷണവും ഓരോ പൗരനും അവകാശമാക്കും.
- വൈദ്യശാസ്ത്ര മേഖലയിലെ ഗവേഷണം, പ്രാദേശികാടിസ്ഥാനത്തിൽ മരുന്നുകൾ കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിക്കാനുള്ള ഗവേഷണം എന്നിവയ്ക്കായി പ്രത്യേക പദ്ധതി.
- രണ്ടായിരത്തി ഇരുപതോടെ എല്ലാവർക്കും ആരോഗ്യരക്ഷ ഉറപ്പുവരുത്തും.
- എല്ലാ വ്യക്തികൾക്കും ആരോഗ്യശുശ്രൂഷ പ്രാപ്യമാക്കും.
- കേരളത്തെ ആഗോള ആരോഗ്യശുശ്രൂഷ സർവീസ് വിപണി ആക്കി ഉയർത്തി വിദേശനാണയം ആകർഷിക്കും.
- മാതൃ-ശിശു മരണനിരക്ക് താഴ്ത്തിക്കൊണ്ടുവരും.
- പകർച്ചവ്യാധി രോഗങ്ങൾ രണ്ടായിരത്തി ഇരുപതോടെ നിർമാർജനം ചെയ്യും.
- ഡോക്ടർ-രോഗി അനുപാതം രണ്ടായിരത്തി ഇരുപതോടെ 1:17 ആക്കി ഉയർത്തും.
- നിലവിലുള്ള തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും.
- ഹീമോഫീലിയ രോഗികൾക്ക് ആജീവനാന്തം സൗജന്യമരുന്ന്.
- ജീവിതശൈലീരോഗങ്ങൾക്കുള്ള സൗജന്യമരുന്ന് വിതരണവും, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തും.

### (a) എൻഡോസൾഫാൻ

- കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനായി പ്രഭാകരൻ കമ്മീഷൻ നിർദേശിച്ച പരിപാടികൾ നടപ്പിലാക്കും.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയ 151 കോടി രൂപയ്ക്കു പുറമെ പുനരധിവാസ കേന്ദ്രവും ആരംഭിക്കും.
- എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിനായി ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് നടപ്പിലാക്കിയ പദ്ധതികൾ തുടരും.
- ദുരിതബാധിതരുടെ താമസം, വിദ്യാഭ്യാസം, തൊഴിൽപരിശീലനം എന്നിവയ്ക്കായി പുനരധിവാസഗ്രാമം പദ്ധതി നടപ്പിലാക്കും.
- കാസർഗോഡ് ജില്ലയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജ് എത്രയും വേഗം പൂർത്തിയാക്കുകയും എൻഡോസൾഫാൻ ദുരിതബാധിതരുടെ ചികിത്സയ്ക്കായി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുകയും ചെയ്യും.

## 5. തീരദേശ വികസനം

- തീരദേശനിവാസികളുടെ സമഗ്രവികസനം: കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള മൊത്തം തീരദേശനിവാസികളുടെയും സമഗ്രവികസനം ലക്ഷ്യമാക്കി വികസനപദ്ധതികൾ ആവിഷ്കരിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ നടപ്പിലാക്കുകയും ചെയ്യും.
- മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനവായ്പാതുക മൂന്നു ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കായലോരമേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ,കയർത്തൊഴിലാളികൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവർക്ക് ഭവനനിർമാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.
- ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ പാഠ്യപദ്ധതി പരിഷ്കരിക്കും.
- സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ (ആകെ 10 എണ്ണം) മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള നടപടികൾ കൈക്കൊള്ളും.
- അപകടങ്ങൾ ഉണ്ടാവാൻ സാധ്യതയുള്ള മത്സ്യബന്ധന മേഖ

ലയിൽ തൊഴിലെടുക്കുന്നവർ തിങ്ങിപ്പാർക്കുന്ന സ്ഥലം എന്നത് പരിഗണിച്ച് കേരളത്തിന്റെ തീരദേശങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കും.

## 6. മലയോര വികസനം

- കേരളത്തിലെ 30 ലക്ഷത്തോളം വരുന്ന മലയോരനിവാസികളെ ആശങ്കയിലാക്കിയ കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശുപാർശയിന്മേൽ കർഷകർക്കുണ്ടായ ആശങ്ക പൂർണമായും ദൂരീകരിക്കാനുള്ള നടപടി സ്വീകരിക്കും.
- വന്യമൃഗ ശല്യത്തിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കും.
- വനാതിർത്തിയിൽ സോളാർ വേലികളും കിടങ്ങുകളും തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി സ്ഥാപിക്കും.
- EFL നിയമത്തിന്റെ പേരിൽ ആദിവാസികളിൽനിന്നും ചെറുകിട കർഷകരിൽനിന്നും പിടിച്ചെടുത്ത കൃഷിഭൂമി തിരിച്ചു നൽകണമെന്ന ആവശ്യം പ്രത്യേകമായി പരിഗണിക്കും.
- കർഷകപങ്കാളിത്തത്തോടെ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർധിത ഉൽപ്പന്ന വ്യവസായങ്ങൾ മലയോരപ്രദേശത്ത് ആരംഭിക്കുന്നവർക്ക് പ്രോത്സാഹനം നൽകും.

## 7. സാമൂഹ്യക്ഷേമം

- ഭവനരഹിതർക്കെല്ലാം ഭവനനിർമാണം, ടോയ്‌ലറ്റ് നിർമാണം, ശുചിത്വപരിപാലനമാർഗങ്ങൾ.
- എല്ലാവർക്കും സ്വയംതൊഴിൽ സംരംഭങ്ങൾ.
- നൈപുണ്യവികസനം.
- മത്സ്യസംസ്കരണവും വിപണനവും.
- എല്ലാവർക്കും വിദ്യാഭ്യാസവും, ഭക്ഷണവും ആരോഗ്യസംരക്ഷണവും.
- മൈക്രോഫിനാൻസ് സംവിധാനം മെച്ചപ്പെടുത്തി എല്ലാവർക്കും വായ്പാ സൗകര്യം ലഭ്യമാക്കും.
- കലാ-സാംസ്കാരികരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. ടൂറിസം സെന്ററുകളെ കണ്ടെത്തി വികസിപ്പിക്കും.
- ഗ്രാമപ്രദേശങ്ങളിൽ പ്രൈമറി-സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കി തുടർപഠനം നടത്തുവാൻ ബി.പി.എൽ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക്

പ്രതിമാസം സ്കോളർഷിപ്പ് നൽകും.

- ബി.പി.എൽ കുടുംബങ്ങളിലെ പെൺകുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുകയും പെൺകുട്ടി 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് തുകയും പലിശയും സഹിതം തിരിച്ചുകിട്ടുന്ന **'ഭാഗ്യലക്ഷ്മി'** പദ്ധതി നടപ്പിലാക്കും.
- അനാഥരും അഗതികളുമായ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്ന സന്നദ്ധസംഘടനകൾക്ക് ഓരോ കുട്ടിയുടെയും പരിപാലന ചെലവുകൾക്കായി പ്രതിമാസം 400 രൂപ നൽകുന്നതാണ്.
- ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട നിയമബിരുദധാരികളായ പെൺകുട്ടികൾക്ക് ബാർ കൗൺസിലിൽ രജിസ്റ്റർ ചെയ്തു പ്രാക്ടീസ് ആരംഭിക്കുന്നതിന് ആദ്യ രണ്ടുവർഷത്തേക്ക് പ്രതിമാസം രണ്ടായിരം രൂപ ധനസഹായം നൽകും.
- നിർഗുണ പാഠശാലകളിലെ സ്ത്രീകൾക്കും കുട്ടികൾക്കും നൈപുണ്യവികസന-തൊഴിൽ പരിശീലനങ്ങൾക്കായി ആളൊന്നിന് 10000 രൂപ ധനസഹായം നൽകും.
- നഗര/പട്ടണ പ്രദേശങ്ങളിലെ തെരുവുകുട്ടികൾ, AIDS/HIV ബാധിതരുടെ കുട്ടികൾ എന്നിവർക്കു അഭയവും, പോഷകാഹാരവും, ആരോഗ്യ ശുശ്രൂഷയും, സാനിറ്റേഷനും, വിദ്യാഭ്യാസവും നൽകാൻ സന്നദ്ധസംഘടനകളുടെ സഹായത്തോടെ പൊതു അഭയകേന്ദ്രങ്ങൾ ആരംഭിക്കും.
- നിർധനരായ വിധവകളുടെ പുനർവിവാഹത്തിനും പുനരധിവാസത്തിനും ഒരിക്കൽ മാത്രമായി 25000 രൂപ വരെ ധനസഹായം നൽകും.
- നിർധനരായ വിധവകളുടെ പതിനെട്ടു വയസ്സു പൂർത്തിയായ പെൺമക്കളുടെ വിവാഹത്തിനു 25000 രൂപ വരെ ധനസഹായം നൽകും.
- പതിനെട്ടു വയസ്സ് പൂർത്തിയായ അനാഥപെൺകുട്ടികളുടെ വിവാഹത്തിന് 25000 രൂപയുടെ സാമ്പത്തികസഹായം നൽകും.
- ജാതി വിവേചനം അവസാനിപ്പിച്ച് ഇന്റർകാസ്റ്റ് വിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് 25000 രൂപവരെ ധനസഹായം നൽകുന്നതാണ്.
- മൂന്നാം ലിംഗഭേദക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് ക്ഷേമബോർഡ് സ്ഥാപിക്കുന്നതാണ്.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അഗതികൾ, വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ഉപേക്ഷിക്കപ്പെട്ട ഭാര്യമാർ, വിഭിന്നശേഷിയുള്ളവർ എന്നിവർക്കു സ്വയംതൊഴിൽ ചെയ്തു ജീവിക്കുവാൻ സൗജന്യമായി തയ്യൽമെഷീൻ ഉൾപ്പെടെയുള്ള

തൊഴിൽ സാമഗ്രികൾ വിതരണം ചെയ്യും.

- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ മുഖ്യവരുമാന ദാതാവിന് മരണം സംഭവിക്കുകയാണെങ്കിൽ 10000 രൂപയുടെ സാമ്പത്തിക സഹായം കുടുംബത്തിന് നൽകുന്നതാണ്.

## (a) ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും പൊതുവിതരണവും

- ബി.പി.എൽകാർക്ക് ഒരു രൂപയ്ക്ക് പ്രതിമാസം 25 കിലോ അരി നൽകിവരുന്നുണ്ട്. എ.പി.എൽകാർക്ക് എട്ടു രൂപയ്ക്കു പ്രതിമാസം 25 കിലോ അരി നൽകിവരുന്നു. അത് ബി.പി.എൽകാർക്ക് സൗജന്യമായും എ.പി.എൽകാർക്ക് 7 രൂപയ്ക്കും നൽകും.
- കേരളത്തിലെ 14000ത്തിലധികം വരുന്ന റേഷൻ ഷോപ്പുകളുടെ പ്രവർത്തനം പരിഷ്കരിച്ച് അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ വിതരണം കാര്യക്ഷമമാക്കും.
- റേഷൻ ഷോപ്പുകൾവഴി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ ഗുണനിലവാരം ഉറപ്പു വരുത്തും.
- സപ്ലൈകോ വഴിയുള്ള അവശ്യവസ്തുക്കളുടെ സംഭരണവും വിതരണവും ശക്തിപ്പെടുത്തിയും വ്യാപിപ്പിച്ചും അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിച്ചു നിർത്തും.
- സപ്ലൈകോ വഴി സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിന് വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കും.
- കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ത്രിവേണി വഴിയുള്ള ഭക്ഷ്യ-ഭക്ഷ്യേതര വസ്തുക്കൾ വില കുറച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കും.
- കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി നടപ്പിലാക്കും. കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധസംഘടനകൾ എന്നിവ വഴിയായിരിക്കും പദ്ധതി നടപ്പിലാക്കുക.
- മാവേലി സ്റ്റോറുകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കളുടെ എണ്ണം 20 ആക്കി ഉയർത്തി 5 വർഷവും വില വർധിപ്പിക്കാതെ വിതരണം ചെയ്യും.

## (b) ദാരിദ്ര്യ നിർമ്മാർജ്ജനം

- മാറാരോഗം പിടിപെട്ടവർക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുകയും പ്രത്യേക പെൻഷൻ അനുവദിക്കുകയും രോഗവിമുക്തരായവർക്ക് പ്രത്യേക പുനരധിവാസ പദ്ധതി ആരംഭിക്കുകയും ചെയ്യും.

- ദരിദ്രവിഭാഗങ്ങൾക്കു തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുകയും തൊഴിൽ കുടിയേറ്റം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി പബ്ലിക് ആസ്തി സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കും.
- തൊഴിലുറപ്പു പദ്ധതിയിൽ വരുന്നവർക്ക് ഇൻഷുറൻസ് നടപ്പിലാക്കുകയും ഫെസ്റ്റിവൽ അലവൻസ് നൽകുകയും ചെയ്യും.
- റേഷൻകാർഡ് വിതരണത്തിലെ അപാകതകൾ പരിഹരിക്കുവാൻ നടപടികൾ ഊർജിതപ്പെടുത്തും. അർഹമായ എല്ലാ കുടുംബങ്ങൾക്കും ആദ്യവർഷം തന്നെ ബി.പി.എൽ കാർഡുകൾ നൽകും. പുതിയതായി 154 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.
- സാമൂഹ്യക്ഷേമ പ്രതിമാസ പെൻഷൻ തുക വർധിപ്പിച്ച് എല്ലാ മാസവും കൃത്യമായി ബാങ്കുവഴി ലഭ്യമാക്കും.
- ആശാ വർക്കർമാരുടെ സേവനം മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും അർഹമായ ആനുകൂല്യങ്ങൾ വർധിപ്പിക്കുകയും ചെയ്യും.
- അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വർക്കേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും പ്രതിമാസവേതനം വർധിപ്പിക്കുകയും ചെയ്യും. ശിശുക്കൾ, പെൺകുട്ടികൾ, ഗർഭിണികൾ എന്നിവർക്കുള്ള ഭക്ഷണപരിപാടി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും.
- സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അംഗനവാടികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് അടുത്ത അഞ്ചു വർഷത്തിനകം കെട്ടിടം നിർമിച്ചു നൽകും.
- അഞ്ചുവർഷത്തിലേറെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടു കഴിയുന്ന BPL വിഭാഗത്തിൽപെട്ടവർക്ക് വിധവാ പെൻഷനും അവരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായവും നൽകും.
- പാവപ്പെട്ടവരുടെ ചികിത്സാസഹായത്തിനുള്ള കാരുണ്യ ലോട്ടറിയുടെ വിൽപ്പന ഉയർത്തുന്നതിനാവശ്യമായ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കും.
- കുടുംബശ്രീ അംഗങ്ങളെയും തൊഴിലുറപ്പ് പ്രവർത്തകരെയും കൂട്ടിയിണക്കി കാർഷികമേഖലയിൽ വിന്യസിച്ച് കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് പുതിയ മാനം കൈവരുത്തും.
- കേരളത്തെ തരിശുഭൂമി രഹിത സംസ്ഥാനമായി മാറ്റിയെടുക്കും.

## (c) ഭിന്നശേഷിയുള്ളവരുടെ ക്ഷേമം

- കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ 620 കുട്ടികൾക്ക് ശ്രവണശേഷി

നൽകിയ പരിപാടി തുടർന്നും നടപ്പിലാക്കും.

- ഭിന്നശേഷിയുള്ളവരും സാധാരണക്കാരും തമ്മിലുള്ള വിവാഹം പ്രോത്സാഹിപ്പിക്കാൻ വിവാഹധനസഹായ പദ്ധതി ആരംഭിക്കും.
- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ സ്വന്തമായി വാഹന മുള്ള ഭിന്നശേഷിക്കാർക്ക് പ്രതിമാസം പെട്രോൾ/ഡീസൽ സബ് സിഡി ആയി 300 രൂപ നൽകും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള വിദ്യാർത്ഥി കളുടെ പഠന ആവശ്യങ്ങൾക്കായി പ്രൈമറിതലം മുതൽ ഉന്നതവിദ്യാഭ്യാസം വരെ സ്കോളർഷിപ്പ് നൽകും.
- അവയവ ദാനം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കും.
- ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിന് പ്രവർത്തിക്കുന്ന, വ്യക്തി കൾക്കും സ്ഥാപനങ്ങൾക്കും സംസ്ഥാനതലത്തിൽ അവാർഡ് ഏർപ്പെടുത്തും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ളവരുടെ ശവ സംസ്കാര ചെലവുകൾക്കായി പതിനായിരം രൂപ നൽകും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ളവർക്ക് എല്ലാ വർഷവും ഓണത്തിന് മുണ്ടും സാരിയും സൗജന്യ മായി നൽകും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട എല്ലാ ഭിന്നശേഷിയുള്ളവ രെയും ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരികയും, പ്രീമിയം തുക ഗവണ്മെന്റ് നൽകുകയും ചെയ്യും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ളവർക്കു മൂന്നുചക്ര വാഹനം സൗജന്യമായി നൽകും.
- ഭിന്നശേഷിയുള്ള എല്ലാവർക്കും സൗജന്യമായി ഐ.ഡി കാർഡ് നൽകും.
- കാഴ്ചശക്തിയില്ലാത്ത എല്ലാവർക്കും റേഡിയോ സൗജന്യ മായി നൽകും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ ബുദ്ധിമാന്ദ്യ മുള്ളവരും കാഴ്ചശക്തിയില്ലാത്തവരുമുണ്ടെങ്കിൽ സൗജന്യ മായി വീടു നിർമിച്ചു നൽകും.
- തൊഴിൽരഹിതരായ ഭിന്നശേഷിയുള്ളവർക്ക് തൊഴിലവ സരങ്ങൾ വർധിപ്പിക്കുകയും തൊഴിലില്ലായ്മാവേതനം ഉയർത്തുകയും ചെയ്യും.

## (d) സ്പെഷ്യൽ സ്കൂളുകൾ

എല്ലാ വിദ്യാർത്ഥികൾക്കും APL/BPL വ്യത്യാസം കൂടാതെ +2 വരെ

വിദ്യാഭ്യാസം കേരളത്തിൽ സൗജന്യമാണ്. പക്ഷേ, ഭിന്നശേഷിയുള്ള കുട്ടികൾക്കു വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളിൽ വിദ്യാഭ്യാസം സൗജന്യമായിരുന്നില്ല. 2001–2006 കാലഘട്ടത്തിലെ യു.ഡി.എഫ് ഭരണകാലത്ത് ബധിര-മൂക-അന്ധ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കി. എന്നിട്ടും മാനസിക വൈകല്യമുള്ള കുട്ടികൾ, ഓട്ടിസം, സെറിബ്രൽ പൾസി മുതലായ രോഗം ബാധിച്ച കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള 278 സ്കൂളുകളിൽ ഒരു സ്കൂൾ മാത്രമാണ് പൊതുമേഖലയിൽ ഉണ്ടായിരുന്നത്. 277 സ്കൂളുകളും സ്വകാര്യസേവനമേഖലകളിൽ ആയിരുന്നു. ഇതിൽ 100 വിദ്യാർത്ഥികളിൽ കൂടുതൽ കുട്ടികൾ (18 വയസ്സിൽ താഴെ) ഉണ്ടായിരുന്ന 33 സ്കൂളുകൾ ആദ്യവും 50 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളും പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾ നടത്തുന്ന 25 കുട്ടികളിൽ കൂടുതലുള്ള ബ്ലൈൻഡ് സ്കൂളുകളും ഉൾപ്പെടെ 113 സ്കൂളുകൾ രണ്ടാമതും എയ്ഡഡ് സ്കൂളുകളാക്കിയിട്ടുണ്ട്. +2 വരെ എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസം നൽകുന്ന നമ്മുടെ സംസ്ഥാനം പ്രത്യേക പരിഗണന നൽകേണ്ട മാനസികവൈകല്യം ഉള്ള കുട്ടികൾക്കു വേണ്ടിയുള്ള ബാക്കി സ്കൂളുകളും aided ആക്കുവാൻ UDF പ്രതിജ്ഞാബദ്ധമാണ്.

## (e) തൊഴിലില്ലായ്മ പരിഹാരം

- കുടുംബസംരംഭങ്ങൾ, സ്വയംസംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭകർക്ക് അഞ്ചു വർഷം എല്ലാവിധ നികുതികളും ഇളവു ചെയ്യും.
- വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിന് സമഗ്രമായ പദ്ധതി ആവിഷ്കരിക്കും.
- നാട്ടിൽ പരമാവധി തൊഴിൽ സൃഷ്ടിക്കുകയാണ് പ്രധാന വികസന ലക്ഷ്യം. ഇതിന് വൻതോതിൽ നിക്ഷേപം നടത്തി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ മുൻഗണന നൽകും.
- യുവസംരംഭകർക്കായി ഓരോ ജില്ലയിലും സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിക്കും.
- കാർഷിക, ചെറുകിട വ്യവസായ പരമ്പരാഗത തൊഴിൽ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഇവർക്കായി സൃഷ്ടിക്കും.
- പഠനത്തോടൊപ്പം തൊഴിലവസരങ്ങൾവഴി വരുമാനമാർഗം: ഹൈസ്കൂൾ തലം വരെയുള്ള സാധാരണക്കാരായ കുട്ടികൾക്ക് ഒഴിവു ദിനങ്ങളിൽ ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിങ്ങിലും മെയിന്റനൻസിലും പരിശീലനം നൽകി സ്വയം വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

- മൊബൈൽഫോൺ സർവീസ് രംഗത്ത് എസ്.എസ്.എൽ.സി പാസ്സായവർക്ക് പരിശീലനം നൽകും.
- കൊച്ചി-കളമശ്ശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജ് രാജ്യം അനുകരിക്കുന്ന മാതൃകയാക്കി വളർത്തിയെടുത്തു. വിദ്യാർത്ഥി-യുവജനസംരംഭകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഇത്തരം സ്റ്റാർട്ടപ്പ് വില്ലേജുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് യുവതീ-യുവാക്കൾക്ക് തൊഴിലവസരം ലഭ്യമാക്കും.

## 8. പ്രവാസിക്ഷേമവും പുനരധിവാസവും

- ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം ഉൾപ്പെടെയുള്ള കാരണങ്ങളാൽ കേരളീയ കുടിയേറ്റക്കാരുടെ തൊഴിൽസാധ്യത കുറയുന്നതും പ്രവാസികളുടെ മടങ്ങിവരവും മുൻകൂട്ടി മനസ്സിലാക്കി നോർക്കവഴി പുതിയ സംരംഭങ്ങൾ ആരംഭിച്ചു തൊഴിൽസാധ്യത സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കും. ഇതിനാവശ്യമായ ബാങ്ക്വായ്പ, പ്രവർത്തനമൂലധനം എന്നിവ ഏർപ്പെടുത്തും.
- രോഗങ്ങൾ, അപകടങ്ങൾ, ചികിത്സാസൗകര്യങ്ങളുടെ കുറവ്, അനാരോഗ്യകരമായ കാലാവസ്ഥ എന്നീ കാരണങ്ങളാൽ മടങ്ങിവന്ന മലയാളികൾക്ക് ചികിത്സാസഹായം നൽകുകയും ഇവർക്കായി ആരോഗ്യ ഇൻഷുറൻസ് പദ്ധതി രൂപീകരിക്കുന്നതുമാണ്.
- ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്ക് അവിടെത്തന്നെ പൊതുമേഖല ഇൻഷുറൻസ് കമ്പനി വഴി ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ചു വേണ്ട നടപടി സ്വീകരിക്കും.
- ഗൾഫ് രാജ്യങ്ങളിലേക്കു കുടിയേറുന്നവർക്കായി കുടിയേറ്റ വ്യവസ്ഥകൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവയ്ക്കായി ഒരു പ്രവാസി നയം രൂപീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.
- മടങ്ങിവന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പ്രവാസികൾക്കായി പ്രത്യേക വായ്പാധനസഹായപദ്ധതി ആവിഷ്കരിക്കും.
- കുറഞ്ഞ വരുമാനത്തിൽ സ്വയംതൊഴിൽ, കാഷ്വൽതൊഴിൽ, കാർഷിക ജോലികൾ എന്നിവ ചെയ്യുന്ന പ്രവാസികൾക്കു പൊതുമേഖലാ ബാങ്കുകൾ, വാണിജ്യബാങ്കുകൾ, സഹകരണ ബാങ്കുകൾ മുതലായവവഴി മെച്ചപ്പെട്ട തൊഴിൽദാന

വായ്പാ പദ്ധതിക്കു രൂപം നൽകി നടപ്പിലാക്കും.

- അപകടംമൂലമോ ശാരീരികവൈകല്യം, കാൻസർ, സ്ട്രോക്ക്, ഹൃദയാഘാതം, വൃക്കരോഗം മുതലായ രോഗംമൂലമോ മട ങ്ങിവരുന്നവർക്കു മാസംതോറും ആയിരം രൂപ നിരക്കിൽ പെൻഷൻ നൽകും.
- മടങ്ങിവന്ന പ്രവാസികൾക്ക് സഹകരണസംഘങ്ങൾ ആരം ഭിച്ചു ലേബർ സപ്ലൈ സർവീസ് തുടങ്ങുന്നതിന് ഗവണ്മെന്റ് ഗ്രാന്റ് നൽകും.
- പ്രവാസി കുടുംബങ്ങളിലെ വൃദ്ധർക്കും മടങ്ങിവന്ന പ്രവാ സികളായ വൃദ്ധർക്കും വേണ്ടി വൃദ്ധസദനങ്ങൾ ആരംഭിക്കു വാൻ ഗ്രാന്റ് നൽകും.
- പ്രവാസി മലയാളികളുടെ നിക്ഷേപം ആകർഷിക്കുവാൻ പ്രവാ സികൾ ആരംഭിക്കുന്ന ഉൽപ്പാദന സംരംഭങ്ങൾ, സർവീസ് യൂണിറ്റുകൾ എന്നിവയ്ക്കു പ്രത്യേക സഹായവും ഇളവുകളും നൽകും.
- പ്രവാസികളുടെ യാത്രാപ്രശ്നം, വർധിക്കുന്ന യാത്രാചെലവ്, സീസണൽ ചാർജ് വർധനവ് എന്നിവ പരിഹരിക്കുന്നതിനായി 'എയർ കേരള എക്സ്പ്രസ്' യാഥാർത്ഥ്യമാക്കുവാൻ കേന്ദ്ര ഗവണ്മെന്റിന്റെ സഹായം തേടും. ഇതിനാവശ്യമായ മൂലധനം ശേഖരിക്കുകയും ചെയ്യും.

**മറുനാടൻ മലയാളികൾ**

- അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന മറുനാടൻ മലയാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി ആവിഷ്കരിക്കും.

## 9. വ്യവസായം

- ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ രണ്ടു മുതൽ നാലു ഹെക്ടർ വരെ ഭൂമി ഏറ്റെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നട പടി ആരംഭിക്കും. ഇതുവഴി ഒരുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- വ്യാവസായിക മേഖലയിൽ 'സ്റ്റാർട്ടപ്പുകൾക്ക്' ഉചിതമായ രീതി യിൽ സഹായവും സംരക്ഷണവും നൽകും.
- നൈപുണ്യവികസനം
- സാമ്പത്തികസഹായം
- സാങ്കേതികപരിജ്ഞാന വ്യാപനം

- വിപണനത്തിന് സഹായം
- സുതാര്യവും കാര്യക്ഷമവുമായ പിൻതുണാസംവിധാനം
- നികുതിയിളവുകളും സബ്സിഡികളും നൽകും.
- 'ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്' ഓരോ വർഷവും കാര്യക്ഷമമായി നടത്തുകയും പദ്ധതികൾക്ക് ഗ്രീൻചാനൽ വഴി ക്ലിയറൻസ് നൽകുകയും ചെയ്യും.
- ചെറുകിട വ്യവസായമേഖലകളെയും ധനകാര്യ സ്ഥാപനങ്ങളെയും നൂതനാശയങ്ങളുടെ പശ്ചാത്തലത്തിൽ കൂട്ടിയിണക്കി പുതിയ വ്യവസായസംരംഭങ്ങൾ നടപ്പിലാക്കും. പരമ്പരാഗത വ്യവസായങ്ങൾക്ക് പുത്തൻ ഉണർവ് പകരും.
- വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ സ്ഥലം നൽകും. വിലയ്ക്കോ പാട്ടത്തിനോ നൽകുന്നതിനുപകരം സർക്കാർ സ്ഥലം ആ വ്യവസായത്തിലെ സർക്കാർ നിക്ഷേപമാക്കി മാറ്റും. വ്യവസായം നിന്നുപോവുകയോ നിർത്തുകയോ നിശ്ചിതലക്ഷ്യം കൈവരിക്കാതിരിക്കുകയോ ചെയ്താൽ സ്ഥലം സർക്കാരിൽത്തന്നെ നിക്ഷിപ്തമാകും. വ്യവസായത്തിന്റെ പേരിൽ സർക്കാർസ്ഥലം അന്യാധീനപ്പെടുകയില്ല.
- മാനേജ്മെന്റിൽ തൊഴിലാളികൾക്ക് പങ്കാളിത്തം നൽകും. 20% ഓഹരി തൊഴിലാളികൾക്ക് നൽകും.
- വാണിജ്യ-വ്യവസായ പുരോഗതി കൈവരിക്കുന്നതിന് പ്രധാന നഗരങ്ങളായ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടും സർക്കാർ വാണിജ്യകേന്ദ്രങ്ങൾ ആരംഭിക്കും.
- ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വ്യവസായികൾ അടയ്ക്കുന്ന നികുതിയുടെ ഒരു ഭാഗം സബ്സിഡിയായി തിരിച്ചു നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യും.
- വ്യവസായ വാണിജ്യ മേഖലയിലെ ഒരു പ്രതിനിധിയെ നികുതി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും.

## (a) പൊതുമേഖലാസ്ഥാപനങ്ങൾ

- പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി അവയുടെ നേതൃത്വത്തിൽ വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിച്ച് പാട്ടത്തിനു നൽകുന്ന പദ്ധതിക്ക് രൂപം നൽകും.
- കേരളാ സ്പിന്നേഴ്സ്, എക്സൽ ഗ്ലാസ്സ്, KSDP എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനിക രീതിയിൽ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കും.

### (b) പരമ്പരാഗത കയർവ്യവസായം

- കയർത്തൊഴിലാളികൾക്ക് സമഗ്രഭവന പദ്ധതി നടപ്പിലാക്കും.
- കയർമേഖലയിലെ തൊഴിലാളികളുടെ ദിവസവേതനം വർധിപ്പിക്കും.
- കയർസഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം വർധിപ്പിച്ചു നൽകും.
- കയർത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.
- കയർത്തൊഴിലാളി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ പരിഷ്കരിക്കും.

### (c) പരമ്പരാഗത വ്യവസായതൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

- കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതലാളുകൾക്ക് തൊഴിൽ നൽകുന്ന മേഖലയാണ് പരമ്പരാഗത വ്യവസായങ്ങൾ. നമ്മുടെ സമ്പദ്ഘടനയുടെ മുഖ്യഘടകവുമാണിത്. ഈ മേഖലയിലെ തൊഴിലാളികളിൽ സിംഹഭാഗവും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഈ മേഖലയുടെ സമഗ്ര വികസനത്തിന് നിലവിലുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തും.
- സ്റ്റാർട്ടപ്പ് പരിപാടികളിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുകയും നികുതിയിളവ് നൽകുകയും ചെയ്യും.
- ഈ മേഖലയിലെ അവശത അനുഭവിക്കുന്ന സ്ത്രീകൾക്ക് പെൻഷൻതുക വർധിപ്പിക്കുകയും സൗജന്യചികിത്സയും മരുന്നും നൽകുകയും ചെയ്യും.
- പരമ്പരാഗതവ്യവസായ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് പ്രത്യേക ധനസഹായം നൽകും.
- പരമ്പരാഗത വ്യവസായങ്ങൾ ആധുനികീകരിക്കുന്നതിനും, സംരംഭകർക്ക് പരിശീലനം നൽകുന്നതിനും ഗവേഷണ-പരിശീലനകേന്ദ്രം ആരംഭിക്കും.
- വ്യവസായങ്ങളിൽ യന്ത്രവൽക്കരണവും ആധുനികീകരണവും നടപ്പിലാക്കും.
- പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളായി പരമ്പരാഗത വ്യവസായങ്ങളെ മാറ്റും.
- ആയുർവേദ കയർ, ആയുർവേദ വസ്ത്രങ്ങൾ, കയർ കൊണ്ടുള്ള ആഭരണങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കും.
- വിനോദസഞ്ചാരവികസനവുമായി ബന്ധപ്പെടുത്തി വിപണി കണ്ടെത്തുന്നതിനു പുറമേ ആഗോളതലത്തിൽ ഇവയ്ക്കെല്ലാം വിപണി കണ്ടെത്തും.

## (d) കശുവണ്ടി വ്യവസായം

- കശുവണ്ടി വ്യവസായത്തിൽ പരമാവധി തൊഴിൽദിനങ്ങൾ തൊഴിലാളികൾക്ക് ഉറപ്പു വരുത്തും.
- കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് തുടങ്ങിയ പൊതുമേഖലാ സഹകരണമേഖലയെ ശാക്തീകരിക്കാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കും.
- കാപെക്സിന്റെയും കശുവണ്ടി വികസന കോർപറേഷന്റെയും കീഴിലുള്ള ഫാക്ടറികളെ നവീകരിക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കും.
- കശുവണ്ടി വ്യവസായത്തെ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നൂതനപദ്ധതികൾ ആവിഷ്കരിക്കും.
- തോട്ടണ്ടിയുടെ അപര്യാപ്തതയാണ് ഈ വ്യവസായം നേരിടുന്ന പ്രതിസന്ധി. കശുമാവ് കൃഷി വ്യാപിപ്പിച്ചും ഇറക്കുമതി ഊർജിതപ്പെടുത്തിയും തൊഴിലാളികൾക്ക് ഒരു വർഷം കുറഞ്ഞത് 250 ദിവസം തൊഴിൽ നൽകും.

## (e) കൈത്തറി വ്യവസായം

- നൂലിന്റെ വിലവർധനയും ഉൽപ്പന്നങ്ങളുടെ വിപണനക്കുറവുമാണ് കൈത്തറിവ്യവസായം നേരിടുന്ന പ്രതിസന്ധി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി സഹകരിച്ചു കൈത്തറി വ്യവസായത്തെ വൈവിധ്യവൽക്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യും.
- സ്കൂളുകളിലും, ഫാക്ടറികളിലും, കൈത്തറി തുണി യൂണിഫോമാക്കി വിപണി ശക്തിപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കും.
- സബ്സിഡി നിരക്ക് കൂട്ടിയും വിപണി ശക്തിപ്പെടുത്തും.
- മുള-ഈറ കൃഷി വ്യാപകമാക്കി ബാംബൂവ്യവസായം ശക്തിപ്പെടുത്തും.
- ഓട്-മൺപാത്ര വ്യവസായങ്ങൾ ആരംഭിക്കുവാൻ സബ്സിഡി നൽകും.

## (f) ഐ.ടി വ്യവസായം

- 3000 കോടി രൂപയിൽനിന്ന് കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് 15000 കോടി രൂപ ആയി ഉയർന്ന ഐ.ടി കയറ്റുമതി അടുത്ത അഞ്ചുവർഷംകൊണ്ട് ഒരുലക്ഷം കോടി രൂപ ആയി ഉയർത്തും.
- കേരളം സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി മാറിക്കഴിഞ്ഞു. പഞ്ചായത്തുതലം വരെ ബ്രോഡ് ബാൻഡ്, കണക്ടിവിറ്റി, ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് എന്നിവ ആരംഭിച്ചു. സമ്പൂർണ മൊബൈൽ സാന്ദ്രത, അക്ഷയ സെന്ററുകളുടെ

എണ്ണം എന്നിവ വർധിപ്പിച്ചും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.

- യുവസംരംഭകർക്കു 20 ലക്ഷം രൂപ വരെ പലിശരഹിത വായ്പ.
- യുവതീ-യുവാക്കൾക്ക് തൊഴിൽ നൈപുണ്യ മികവ് നൽകാൻ കേരള അക്കാദമി ഫോർ സ്കിൽസ്.
- അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ നൂതന സംരംഭങ്ങളുമായും ഐ.ടി മേഖലകളുമായും ബന്ധിപ്പിക്കും. അതിനായി ഫിനിഷിങ് സ്കൂളുകൾ ആരംഭിക്കും.
- വിവരശേഖരം: സംസ്ഥാനത്തെ ജനങ്ങളുടെ പൂർണ വിവരങ്ങൾ ഫോട്ടോയും വിരലടയാളവും ഉൾപ്പെടെ കംപ്യൂട്ടറിൽ ശേഖരിച്ച് എല്ലാവർക്കും വ്യക്തിഗത തിരിച്ചറിയൽ നമ്പരും വ്യക്തിഗത തിരിച്ചറിയൽ കാർഡും നൽകും.
- സോഫ്റ്റ്‌വെയർ ടെക്നോളജിയിൽ സമഗ്ര പുരോഗതി കൈവരിക്കുന്നതിനായി 7 മുതൽ 17 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ സർക്കാർ പ്രോത്സാഹിപ്പിക്കുകയും അതിനായി ഒരു ഫണ്ട് രൂപീകരിക്കുന്നതുമാണ്.

## 10. അടിസ്ഥാനസൗകര്യവികസനം

### (a) വൻകിടപദ്ധതികൾ

- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണം ആരംഭിച്ചു. കേരളത്തിലെ ഏറ്റവും വലിയ സ്വകാര്യ നിക്ഷേപ സംരംഭമായ വിഴിഞ്ഞം തുറമുഖനിർമാണം ആയിരം ദിവസത്തിനകം പൂർത്തിയാക്കും.
- കണ്ണൂർ വിമാനത്താവളം 2016 ജൂണിൽ പൂർത്തിയാക്കും.
- കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടം പൂർത്തിയാകുകയും ടെസ്റ്റ് റൺ വിജയകരമായി നടത്തുകയും ചെയ്തു. 2016 നവംബറിൽ ട്രെയിൻ സർവീസ് ആരംഭിക്കും.
- സ്മാർട്ട് സിറ്റി ഒന്നാം ഘട്ടം പൂർത്തിയായി. അതിന്റെ രണ്ടും മൂന്നും ഘട്ടം എത്രയും പെട്ടെന്ന് പൂർത്തിയാക്കും.
- തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോയ്ക്ക് ഡി.എം.ആർ.സിയുമായി ധാരണാപത്രം ഒപ്പിട്ടു. അതും സമയബന്ധിതമായി പൂർത്തിയാക്കും.
- തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽവേ മൂന്നു വർഷംകൊണ്ട് പൂർത്തിയാക്കും.
- റോഡുകൾ സഞ്ചാരയോഗ്യമാക്കി വഴിയോരങ്ങളിൽ പാർക്കിങ്, ഫോട്ടോഗ്രഫി ഗ്യാലറി, പൂക്കൾ, പഴങ്ങൾ, കരകൗശലവ

സ്തുക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ പ്രദർശിപ്പിക്കുവാനും വിൽക്കുവാനുമുള്ള സൗകര്യങ്ങൾ സജ്ജമാക്കും.

- അടിസ്ഥാന സൗകര്യങ്ങൾ, വിവിധ വൈദഗ്ധ്യങ്ങൾ, പൊതു പങ്കാളിത്തം ഇവയൊക്കെ ഏകോപിപ്പിക്കുന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനും സ്വകാര്യമേഖലയിലെയും പൊതുമേഖലയിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതാധികാര സമിതി രൂപീകരിക്കും.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, യുവാക്കൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക റൂറൽ റോഡ്/ ജല/ട്രാൻസ്പോർട്ട് പദ്ധതി ആവിഷ്കരിക്കും.
- ആധുനിക നിലവാരത്തിലുള്ള റോഡുകൾ, നിലവിലുള്ളത് പുതുക്കി പണിയുക, വർധിച്ചുവരുന്ന മോട്ടോർ ഗതാഗത ആവശ്യങ്ങൾക്കനുസരിച്ച് നഗരങ്ങളിലും ഗ്രാമങ്ങളിലും റോഡ് പണിയുക എന്നീ ദൗത്യങ്ങൾ നിർവഹിക്കും.
- ജില്ലകളെയും ടൂറിസ്റ്റ്, തീർത്ഥാടന കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന വ്യോമഗതാഗതം (ഹെലികോപ്ടർ, ചെറുവിമാനങ്ങൾ തുടങ്ങിയവ) ആരംഭിക്കും.
- ദേശീയ രാജപാതയുടെ പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ് ലൈറ്റ് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കും.
- വൻകിട തുടർപ്രോജക്ടുകളുടെ നിർവഹണം വിലയിരുത്തുവാനും പുരോഗതി ചാർട്ട് തയാറാക്കുവാനും ഉദ്യോഗസ്ഥരെ ഒരു മന്ത്രിയുടെ നേതൃത്വത്തിൽ ചുമതലപ്പെടുത്തും.
- എക്സ്പ്രസ് ഹൈവേയിലും, തിരക്കുള്ള എല്ലാ ജില്ല, പട്ടണ പ്രദേശങ്ങളിലും ഫ്ളൈഓവർ അല്ലെങ്കിൽ എലിവേറ്റഡ് പാത നിർമിക്കും.
- റോഡ് ടാറിങ് ഏറ്റവും കുറഞ്ഞത് 3 വർഷമെങ്കിലും ഉറപ്പുള്ളതാക്കും.
- കേരളത്തിലെ വായു, ജല, റോഡ് ഗതാഗതമാർഗങ്ങളെക്കൂടി യോജിപ്പിക്കുന്ന നൂതന യാത്രാ സംവിധാനം ഏർപ്പെടുത്തും.
- കെ.എസ്.ആർ.ടി.സിയെ ഉപയോഗപ്പെടുത്തി കുറഞ്ഞ ചെലവിൽ സ്പീഡ് കൊറിയർ, പാർസൽ സംവിധാനം എന്നിവ തുടങ്ങും.
- തിരുവനന്തപുരം കാസർഗോഡ് ദേശീയ ജലപാത പ്രവർത്തനക്ഷമമാക്കി വൻതോതിലുള്ള ചരക്കുഗതാഗതത്തിനും, വിനോദസഞ്ചാര വികസനത്തിനും ഊന്നൽ നൽകുന്ന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.
- ദേശീയ ജലപാതയിൽ നിരവധി വിനോദസഞ്ചാര ആകർഷണ കേന്ദ്രങ്ങൾ പ്രകൃതിക്കു കോട്ടം തട്ടാത്ത രീതിയിൽ നിർമിച്ചു

തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- ♦ കളിയിക്കാവിള മുതൽ തലപ്പാടി വരെയുള്ള ദേശീയപാത ബൈപ്പാസുകൾ ഉൾപ്പെടെ വികസിപ്പിക്കും. അതോടൊപ്പം ഓരോ അൻപതു കിലോമീറ്ററിലും യാത്രക്കാരുടെ സൗകര്യത്തിനായി വഴിയോര വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കും.
- ♦ കേരളത്തിലെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്ര/ചരക്കു സർവീസുകൾ ആരംഭിക്കും.
- ♦ തീരദേശ റോഡുകളെ ബന്ധപ്പെടുത്തി ശൃംഖല തീർക്കും.
- ♦ രണ്ടായിരത്തി മുപ്പതോടെ എട്ടുവരി തെക്കു-വടക്ക് എക്സ്പ്രസ് ഹൈവേ.
- ♦ കേന്ദ്ര മാരിടൈം വിദഗ്ധസമിതി അന്താരാഷ്ട്ര കപ്പൽപ്പാത ഏറ്റവും അടുത്തുകൂടി കടന്നുപോകുന്ന പൂവാറിൽ അന്താരാഷ്ട്ര ആഴക്കടൽ കപ്പൽശാല സ്ഥാപിക്കുന്നതിന് പ്രാഥമിക അന്വേഷണപഠനം നടത്തി കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ പൂവാറിൽ അന്താരാഷ്ട്ര ആഴക്കടൽ കപ്പൽനിർമാണശാല ആരംഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദം ചെലുത്തും.
- ♦ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്രമായ വികസനത്തിനു വേണ്ടി പദ്ധതി ആവിഷ്കരിക്കും.

### (b) ശബരിമല വികസനം

- ♦ ശബരിമല മാസ്റ്റർ പ്ലാനിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കും.
- ♦ അമ്പലങ്ങളോടനുബന്ധിച്ചുള്ള കുളങ്ങൾ, കാവുകൾ, ഇതര ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിപുലമായ പദ്ധതി ആവിഷ്കരിക്കും.

### (c) തലസ്ഥാന നഗര വികസനം

- ♦ തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെ സമഗ്രവികസനത്തിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല മെട്രോപോളിറ്റൻ റീജിയണൽ വികസന കൗൺസിലിന് രൂപം നൽകും.

## 11. വിദ്യാഭ്യാസം

- ♦ സർക്കാർ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള പ്രത്യേക പദ്ധതികൾ ആരംഭിക്കും.
- ♦ സർവകലാശാലകളിലെ ഗവേഷണ നിലവാരം നിരീക്ഷിക്കാനും സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ ഉയർന്ന

നിലവാരത്തിലുള്ള ഗവേഷണം ആസൂത്രണം ചെയ്യാനുമായി പദ്ധതികൾ ആവിഷ്കരിക്കും.

- ♦ അധ്യാപകരുടെ നിരന്തരപരിശീലനത്തിനുള്ള ഓൺലൈൻ സംവിധാനം ഓരോ വിഷയത്തിനും വിശദമായ പഠനപ്രഭവങ്ങളോടെ ഓൺലൈൻ വഴി ലഭ്യമാക്കും.
- ♦ സ്കൂൾ വിദ്യാഭ്യാസ നിലവാരവും വിദ്യാർത്ഥികളുടെ പഠനനേട്ടങ്ങളും നിശ്ചിത ഇടവേളകളിൽ വ്യാപകമായി വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.
- ♦ ഓരോ ഗ്രാമത്തിലെയും തിരഞ്ഞെടുത്ത സ്കൂളുകൾ നിരന്തര വിദ്യാഭ്യാസ കേന്ദ്രങ്ങളായി ഉപയോഗിച്ചുകൊണ്ട്, വൈകുന്നേരങ്ങളിലും അവധി ദിനങ്ങളിലും തൊഴിലധിഷ്ഠിത പരിശീലനവും ജീവിത നൈപുണ്യ വിദ്യാഭ്യാസവും നൽകുന്ന പദ്ധതി നടപ്പിലാക്കും.
- ♦ ആദിവാസി മേഖലകളിലെ സ്കൂളുകളിൽ കൂടുതൽ മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഏർപ്പെടുത്തും.
- ♦ അധ്യാപകർക്കു വേണ്ടി തയാറാക്കിയ പ്രത്യേക റഫറൻസ്/ പഠന പുസ്തകങ്ങൾ സർക്കാർ സ്ഥാപനങ്ങൾ വഴി പ്രസിദ്ധീകരിക്കും.
- ♦ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശൗചാലയങ്ങളും, കുടിവെള്ളവും, കളിസ്ഥലവും, ലൈബ്രറി സംവിധാനവും, ഉണ്ടെന്ന് ഉറപ്പു വരുത്തും.
- ♦ പഠിക്കാതെ ജയിക്കുന്ന ‘ഓൾപാസ്’ പ്രൊമോഷൻ സമ്പ്രദായം പുനഃപരിശോധിക്കും.
- ♦ പാഠപുസ്തകം, യൂണിഫോം, വിവിധങ്ങളായ ഗ്രാന്റുകൾ, സ്കോളർഷിപ്പുകൾ എന്നിവ കൃത്യമായി വിതരണം ചെയ്യും.
- ♦ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥിയുടെ അവകാശമായി പ്രഖ്യാപിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യും. വസ്തുനിഷ്ഠം മാത്രമായ ഇന്നത്തെ വിദ്യാഭ്യാസത്തെ ആത്മനിഷ്ഠം കൂടിയാക്കി വിദ്യാർത്ഥികൾക്ക് മൂല്യബോധം നൽകും.
- ♦ വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾ, പോളിടെക്നിക്, ഐ.ടി.ഐ വിദ്യാർത്ഥികൾ, പാവപ്പെട്ട വിദ്യാർത്ഥികൾ എന്നിവർക്കു വിദ്യാഭ്യാസ ധനസഹായ പദ്ധതി ആരംഭിക്കും.
- ♦ വികസനരംഗത്ത് നൂതനആശയങ്ങൾ ആവിഷ്കരിക്കുവാനും നടപ്പാക്കുവാനും സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നോളജ് മാനേജ്മെന്റ് സെന്ററുകൾ ആരംഭിക്കും.
- ♦ ഉന്നതവിദ്യാഭ്യാസമേഖലയെ ഒരു സേവനമേഖലയായി കാണുന്നതിനോടൊപ്പം രാജ്യത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ഏറ്റവും അത്യാവശ്യമായ നിക്ഷേപമേഖലയായും അതിനെ

മാറ്റും.

- ഉന്നതവിദ്യാഭ്യാസരംഗത്ത് അറബി, ഫ്രഞ്ച്, ജർമൻ, പേർഷ്യൻ തുടങ്ങിയ വിദേശഭാഷകളുടെ പഠനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.
- സമാന്തരമേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ ഒരു കമ്മിഷനെ നിയമിക്കും. കലാ-കായിക മേളകൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകും.
- പാരലൽ കോളേജ് അധ്യാപകർക്ക് ക്ഷേമനിധി ബോർഡ് രൂപീകരിക്കും.
- ഇന്ത്യയുടെ വിദ്യാഭ്യാസ സർവീസ് കയറ്റുമതിയിൽ കേരളവിഹിതം 2030-ൽ 50 ശതമാനമാക്കി ഉയർത്തും.
- കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 6 ശതമാനം വിദ്യാഭ്യാസത്തിനു ചെലവഴിക്കും. ഇതിൽ 1.5-2 ശതമാനം ഉന്നത വിദ്യാഭ്യാസത്തിനു ചെലവഴിക്കും.
- മത്സരപരീക്ഷകൾക്കുവേണ്ടി സ്കൂൾ/കോളേജുകളിൽ കരിയർ ഗൈഡൻസ് സെന്റർ തുറക്കും.

**സൈക്കിൾ വിതരണം**

- എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും സൗജന്യമായി സൈക്കിൾ വിതരണം ചെയ്യും.

**ലാപ് ടോപ്**

- ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യനിരക്കിൽ ലാപ്ടോപ് വിതരണം ചെയ്യും.

**വിദ്യാഭ്യാസ വായ്പ**

- ബാങ്ക് വായ്പ എടുത്തു പഠിക്കുന്ന ബി.പി.എൽ കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പാ പലിശയുടെ പകുതി സബ്സിഡിയായി ഗവണ്മെന്റ് നൽകും.
- പ്ലസ് ടു വിന് ഫസ്റ്റ് ക്ലാസ് മാർക്കു വാങ്ങി പ്രവേശനപരീക്ഷ എഴുതി ഗവണ്മെന്റ്/എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ, കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുട്ടികളുടെ ബാങ്കു വായ്പ പലിശ ഗവണ്മെന്റ് നൽകും.

## 12. പട്ടികജാതി-പട്ടികവർഗ വികസനം

- പട്ടികവർഗക്കാർക്ക് വിവിധ പദ്ധതികൾ വഴി 33070 ഏക്കർ ഭൂമി നൽകി. അവശേഷിക്കുന്ന എല്ലാ കുടുംബങ്ങൾക്കും ഭൂമി നൽകും.

- പട്ടികജാതിക്കാർക്കു വേണ്ടി പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളെജിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കും.
- പട്ടികജാതി കോളനികളിലെയും, പട്ടികവർഗ കോളനികളിലെയും സമഗ്രവികസനം ലക്ഷ്യമിട്ട് വരുംവർഷങ്ങളിലും പദ്ധതി തയാറാക്കി നടപ്പിലാക്കും.
- പട്ടികജാതി വിഭാഗങ്ങൾക്കു ഭൂമി വാങ്ങുവാനുള്ള ധനസഹായ തോത് ഉയർത്തും.
- പട്ടികവർഗക്കാരുടെ ഭവനനിർമാണ സഹായധനം മൂന്നര ലക്ഷം രൂപ എന്നത് ഗണ്യമായി ഉയർത്തും.
- പട്ടികവർഗവിഭാഗക്കാരുടെ രണ്ടുലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളും.
- മുത്തങ്ങസമരക്കാർക്കു ഭൂമിയും ധനസഹായവും നൽകും.
- പട്ടികവർഗക്കാരുടെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യം വർദ്ധിപ്പിച്ചു പഠനസൗകര്യം മെച്ചപ്പെടുത്തും.
- ഭവനരഹിതർക്കെല്ലാം വീട്, കക്കൂസ്, കുടിവെള്ളം.
- ഭൂമിയില്ലാത്ത മുഴുവൻ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കും അടുത്ത അഞ്ചുവർഷംകൊണ്ട് ഭൂമി ലഭ്യമാക്കും.
- പട്ടികജാതി പ്രത്യേക ഘടക പദ്ധതി വകമാറ്റി ചെലവഴിക്കുകയും, ചെലവഴിക്കാതെ പാഴാക്കിക്കളയുകയും ചെയ്യുന്ന അവസ്ഥ ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിയമ നിർമാണങ്ങൾ, മോണിറ്ററിങ് കമ്മിറ്റി എന്നിവ രൂപീകരിക്കും.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അടക്കമുള്ള സ്ഥാപനങ്ങളിൽ ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കുമായി അനുവദിച്ചിട്ടുള്ള തുക, സ്കൂളിൽ നിന്നുള്ള സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് എന്നിവയുടെ തുക കാലാനുസൃതമായി വർദ്ധിപ്പിക്കും.
- ആദിവാസിമേഖലകളിൽ ഏകാധ്യാപക വിദ്യാലയങ്ങൾ (MGLC) പ്രൈമറി സ്കൂളുകളായി ഉയർത്തിക്കൊണ്ടും നിയമപ്രകാരമുള്ള ദൂരപരിധിയിൽ സ്കൂൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിച്ചുകൊണ്ടും അവയ്ക്കെല്ലാം മതിയായ അധ്യാപകരെയും അടിസ്ഥാന സൗകര്യങ്ങളും നൽകിക്കൊണ്ടും ആദിവാസിമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കും.
- ആദിവാസി മേഖലയിലെ അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കി ഉയർത്തും.
- പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ അംഗീകൃത ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ തിരിച്ച

ടച്ചാൽ പിഴപലിശ ഗവണ്മെന്റ് നൽകും.

- അംഗീകൃത ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത പട്ടികജാതി/പട്ടികവർഗക്കാരുടെ ഒന്നര ലക്ഷം രൂപ വരെയുള്ള കടം ഗവണ്മെന്റ് ഏറ്റെടുക്കും.
- പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽ ജനിക്കുന്ന പെൺകുട്ടികളുടെ പേരിൽ അൻപതിനായിരം രൂപ നിക്ഷേപിക്കും. വിവാഹസമയത്ത് നിക്ഷേപിച്ച തുക പലിശസഹിതം വിതരണം ചെയ്യും.

## 13. മുന്നാക്കസമുദായ വികസനം

- മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി ഭവനനിർമാണപദ്ധതി ആരംഭിക്കും.
- മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പുരോഗതിക്കായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കും.
- മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്നവരുടെ ക്ഷേമത്തിനും പുരോഗതിക്കുമായി സർക്കാർ രൂപീകരിച്ചിട്ടുള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ ബഡ്ജറ്റ് വിഹിതം വർധിപ്പിക്കും.
- മുന്നാക്ക സമുദായത്തിലെ തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് Skill Development പദ്ധതി വഴി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കും.
- മുന്നാക്ക സമുദായത്തിലെ പരിശീലനം ലഭിച്ചവരുടെ കൂട്ടായ്മ ഉണ്ടാക്കി ധനസഹായം നൽകും.
- മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ കുട്ടികൾക്ക് സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സരപരീക്ഷകൾക്കുവേണ്ടി പ്രത്യേകം പരിശീലനം നൽകും.

## 14. പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമം

- ന്യൂനപക്ഷങ്ങളുടെയും പിന്നാക്കവിഭാഗങ്ങളുടെയും ഉന്നമനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കും.
- സച്ചാർ കമ്മിറ്റി ശുപാർശ പ്രകാരമുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ വികസനം, ശാക്തീകരണം, വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ എന്നിവ കൂടുതൽ കാര്യക്ഷമമായി

നടപ്പിലാക്കും.

- എണ്ണയാട്ട് തൊഴിലായി സ്വീകരിച്ചിട്ടുള്ള ചക്കാല സമുദായത്തിന്റെ ക്ഷേമത്തിനായി ക്ഷേമനിധി ഏർപ്പെടുത്തും.
- വിശ്വകർമ്മ സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിച്ചു സമർപ്പിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ട് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നടപ്പിലാക്കും.
- സ്വർണത്തൊഴിലാളികളെ സംരക്ഷിക്കാൻ സർക്കാർ ഗ്രാന്റോടുകൂടി സ്വർണഗ്രാമം പദ്ധതി നടപ്പിലാക്കും.
- പരമ്പരാഗത സ്വർണത്തൊഴിലാളികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ അപ്രൈസർ ആയി നിയമനം ലഭിക്കാൻ മുൻഗണന നൽകും.
- പരമ്പരാഗത വിശ്വകർമ ജനവിഭാഗങ്ങൾക്ക് അവരുടെ കരവിരുത് വർധിപ്പിക്കാനുതകുംവിധം ആധുനിക യന്ത്രങ്ങളിലുള്ള പരിശീലനം നൽകുന്നതിന് സ്റ്റൈപ്പെന്റോടുകൂടിയ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കും.
- നാടാർ സമുദായം നേരിടുന്ന അവശതകൾക്ക് പരിഹാരം കാണുവാൻ വിശദമായ പഠനം നടത്തി നിർദേശം നൽകുവാൻ ഒരു കമ്മീഷനെ നിയമിക്കും. റിപ്പോർട്ടിലെ നിർദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികളും സ്വീകരിക്കും.
- പട്ടികജാതിക്കാർക്ക് സംസ്ഥാന ഗവണ്മെന്റ് നൽകിവരുന്നതും പുതിയതായി ആരംഭിക്കുന്ന ആനുകൂല്യങ്ങൾ പട്ടികജാതിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള എല്ലാ സമുദായങ്ങൾക്കും നൽകും.
- മണ്ണ് ഖനനം ചെയ്യുന്നതിനും കൊണ്ടുപോകുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിൽ നിന്ന് പരമ്പരാഗത കളിമൺപാത്ര തൊഴിലാളികളെ ഒഴിവാക്കും.
- ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് രൂപീകരിച്ച കേരള സംസ്ഥാന മൺപാത്രനിർമാണ വിപണന ക്ഷേമ വികസന കോർപറേഷൻ ശക്തിപ്പെടുത്തി വിപുലീകരിക്കുവാൻ ആവശ്യമായ മൂലധനം നൽകും.

## 15. സ്ത്രീകളും വികസനവും

- വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് പ്രത്യേക വകുപ്പ് ആരംഭിക്കും.
- സ്ത്രീകൾക്കു വർധിച്ച തോതിൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കി സ്ത്രീശാക്തീകരണം യാഥാർത്ഥ്യമാക്കു

വാൻ സ്ത്രീസംരംഭകർക്കുവേണ്ടി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കും.

- പഞ്ചായത്തുതലത്തിൽ സ്ത്രീസംരംഭകത്വം പ്രോത്സാഹിപ്പിക്കുവാൻ അഞ്ചുപേരടങ്ങുന്ന കുറഞ്ഞത് അഞ്ച് സംരംഭകഗ്രൂപ്പുകൾ ആരംഭിക്കുന്ന മഹിളാജ്യോതി പദ്ധതി തുടങ്ങും.
- വനിതാക്ഷേമം: വനിതാ സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ എല്ലാ താലൂക്കുകളിലും വനിതാഹോസ്റ്റലുകൾ സ്ഥാപിക്കും.
- കുട്ടികളുടെ ക്ഷേമം: അംഗനവാടികളിൽ കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി ഗ്രന്ഥശാലകൾ ആരംഭിക്കും.
- ***സ്ത്രീകളുടെ സാമൂഹ്യ-ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ശുചിത്വമുള്ളതും സുരക്ഷിതവുമായ ടോയ്‌ലെറ്റുകൾ എല്ലാ പൊതുസ്ഥലങ്ങളിലും തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിൽ ഏർപ്പെടുത്തും.***
- ***വനിതകൾക്കും പെൺകുട്ടികൾക്കും പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തും.***

**വിവാഹസഹായനിധി**

- നിശ്ചിത വിരുമാനത്തിനു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകും.

## 16. ടൂറിസം

- വിനോദസഞ്ചാര വികസന കേന്ദ്രങ്ങൾ കണ്ടെത്തി ഓരോ കേന്ദ്രത്തിനും പ്രത്യേകം മാസ്റ്റർ പ്ലാൻ തയാറാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വികസനം ത്വരിതപ്പെടുത്തും. ഇതിനാവശ്യമായ റോഡ്, ഗതാഗതം, വൈദ്യുതി, കുടിവെള്ളം മുതലായ അനുബന്ധ സൗകര്യങ്ങൾ ഗവണ്മെന്റ് ലഭ്യമാക്കും. ഇതുവഴി ഒരുവർഷം ഒരു ലക്ഷം എന്ന കണക്കിൽ അഞ്ചുവർഷംകൊണ്ട് അഞ്ചുലക്ഷം യുവതീയുവാക്കൾക്കു തൊഴിൽ ലഭ്യമാക്കും.
- പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് സഞ്ചാരികൾക്കും തദ്ദേശസമൂഹത്തിനും പ്രയോജനം ലഭിക്കുംവിധം ജനപങ്കാളിത്തത്തോടെ ഓരോ ജില്ലയിലും ഒരു മാതൃകാ ടൂറിസം കേന്ദ്രം വികസിപ്പിക്കും.
- സർവകലാശാലകളുടെ പ്രധാന പ്രവർത്തനമേഖല കേന്ദ്രീകരിച്ച് എഡ്യൂക്കേഷൻ ടൂറിസം വികസിപ്പിക്കും.

- പി.പി.പി മോഡലിൽ പിൽഗ്രിം ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, മെഡിക്കൽ ടൂറിസം എന്നിവ വികസിപ്പിക്കും.
- പഞ്ചായത്തുകൾവഴി സംയോജിത ടൂറിസം പദ്ധതി ആവിഷ്കരിച്ച് ഗ്രാമീണജനതയ്ക്ക് അധികവരുമാനം ആർജിക്കാനുള്ള പദ്ധതി നടപ്പിലാക്കും.
- വനമേഖല, തീരദേശം എന്നിവിടങ്ങളിലെ യുവതീയുവാക്കളെ ഉൾപ്പെടുത്തി സാഹസികടൂറിസം പദ്ധതികൾ ആവിഷ്കരിക്കും.
- ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യവികസനം, അറ്റകുറ്റപണി എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനും, ടൂറിസം കേന്ദ്രങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് യഥാസമയം നടപ്പാക്കാൻ ജനപങ്കാളിത്തത്തോടെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ ആരംഭിക്കും.
- ഓഫ് സീസൺ ടൂറിസം പ്രൊമോട്ടു ചെയ്യുവാൻ ഹോട്ടലുടമകൾക്ക് പ്രത്യേക നികുതിയിളവുകൾ.
- തദ്ദേശവാസികളുടെ തൊഴിൽ, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധരാകുന്ന നിക്ഷേപകർക്ക് ടൂറിസം സംരംഭങ്ങൾ ആരംഭിക്കാൻ പ്രത്യേക പാക്കേജ്.
- മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾവഴി ടൂറിസം കേന്ദ്രങ്ങളിലെ ജനങ്ങൾക്ക് വിദേശഭാഷകളിൽ ആശയവിനിമയം നടത്തുവാനുള്ള പരിജ്ഞാനം സൗജന്യമായി നൽകും.
- കേരളത്തിന്റെ തനിമ നിലനിർത്തിക്കൊണ്ടും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുമുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിക്കും.
- അടുത്ത അഞ്ചുവർഷം 5 ലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിക്ക് സ്വകാര്യനിക്ഷേപ മേഖലയിലും, പൊതു സ്വകാര്യ നിക്ഷേപ മേഖലയിലും, പൊതു സ്വകാര്യ സംയുക്ത മേഖലയിലും പദ്ധതികൾ നടപ്പാക്കും.
- നിലവാരമുള്ളതും, വരുമാനം കൂടുതൽ ലഭിക്കുന്നതുമായ ടൂറിസത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കും. ഇതുകൂടാതെ അനുബന്ധ സൗകര്യങ്ങൾക്കുവേണ്ടി ഹോട്ടലുകൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, കലാ-വിനോദ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കും.
- കേരളത്തിന്റെ തനതായ സൗന്ദര്യം ആസ്വദിക്കുന്നതിനും ജലയാത്രാനുഭവത്തിനും വേണ്ടി കേരളത്തിലെ ജലപാത-കായൽ ടൂറിസത്തിന് മുൻഗണന നൽകി വികസിപ്പിക്കും.

- മീറ്റിങ്, കൺവെൻഷൻസ്, ട്രേഡ് ഫെയറുകൾ എന്നിവയ്ക്കും വെഡ്ഡിംഗ്, ഹണിമൂൺ, മെഡിക്കൽ, വെൽനെസ്സ് എന്നീ ടൂറിസത്തിനുള്ള മഹത്തായ കേന്ദ്രമായി കേരളത്തെ വികസിപ്പിക്കും.
- പരിസ്ഥിതി അധിഷ്ഠിതമായ ടൂറിസം വികസനത്തിന്റെ ഭാഗമായി ഇക്കോ-ടൂറിസം ക്ലസ്റ്ററുകളും ബയോഡൈവേഴ്സിറ്റി ലൊക്കേഷനുകളും വികസിപ്പിക്കും. കൂടാതെ ജൈവ വൈവിദ്ധ്യങ്ങളുടെ പഠനത്തിനും ഗവേഷണത്തിനും സന്ദർശകർക്കുള്ള താമസസൗകര്യങ്ങളും സന്ദർശനാനുഭവങ്ങളും വികസിപ്പിക്കാനും 'ഇക്കോ ടൂറിസം എക്സ്പെർട്ട് അതോറിറ്റി' രൂപീകരിക്കും.
- തീരദേശ സമുദ്രയാനങ്ങളും ഉൾനാടൻ ജലഗതാഗതവും വികസിപ്പിച്ച് കേരളത്തിലെ ജലഗതാഗത ടൂറിസത്തിന് പ്രാമുഖ്യം നൽകും.
- കേരള ഷോപ്പിങ് ഫെസ്റ്റിവലിനെ ടൂറിസം ആകർഷണമാക്കാനുള്ള ശാസ്ത്രീയമായ നടപടി സ്വീകരിക്കും.
- പൈതൃക-സാംസ്കാരിക ടൂറിസത്തിന് പ്രാമുഖ്യം നൽകും.
- ബാക്ക് വാട്ടർ വിനോദസഞ്ചാരം, ഫാം വിനോദസഞ്ചാരം, പിൽഗ്രിം വിനോദസഞ്ചാരം എന്നിവ വിപുലപ്പെടുത്തി വികസിപ്പിക്കും.

## 17. ശിശുക്കളുടെയും കുട്ടികളുടെയും സംരക്ഷണം

- കുട്ടികളുടെ അവകാശങ്ങളെ മുൻനിർത്തിയുള്ള പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് ഒരു പുതിയ പരിപ്രേക്ഷ്യം തയാറാക്കും.
- ദളിതർ, ആദിവാസികൾ, മത്സ്യബന്ധന സമൂഹങ്ങൾ എന്നീ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ ഒരു ഗണമായി പരിഗണിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യത്യസ്തമായ സമീപനം സ്വീകരിക്കും.
- കുട്ടികളുടെ അവകാശങ്ങളെ കേന്ദ്രമാക്കി അവബോധ പ്രവർത്തനങ്ങൾ നടത്തും.
- ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ, ഭിന്നശേഷിയുള്ള കുട്ടികൾ, ജുവനൈൽ ഹോമിലെ കുട്ടികൾ, തടവുകാരുടെ കുട്ടികൾ എന്നിവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കും.

- ലാഭകരമല്ലാത്ത സ്കൂളുകൾ, വർധിച്ചുവരുന്ന സ്വകാര്യസ്കൂളുകൾ, ഏകീകൃത സിലബസ്, ബോധനശാസ്ത്രം, മാതൃഭാഷാപഠനം, ഇംഗ്ലീഷ് വിദ്യാഭ്യാസം, ബഹുസ്വരമായ സിലബസ് എന്നിങ്ങനെയുള്ള ഗൗരവതരമായ വിഷയങ്ങളിൽ സർക്കാർ ജനതാൽപ്പര്യം ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കും.
- ആദിവാസി-മത്സ്യബന്ധന മേഖലകളിലെ ലാഭകരമല്ലെന്ന പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിപക്ഷവും ദലിത്-ആദിവാസി-മത്സ്യബന്ധന സമൂഹത്തിൽപ്പെട്ടവരാണ്. ലാഭകരമല്ലാത്ത ഇത്തരം സ്കൂളുകൾ നവീകരിച്ച് നിലനിർത്തുന്നതിന് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കും.

## 18. വയോജനക്ഷേമം

- വയോജനങ്ങൾക്ക് വിശ്രമകേന്ദ്രങ്ങളും വിനോദ കേന്ദ്രങ്ങളും ആരംഭിക്കും.
- പെൻഷൻ പറ്റിയ വിദഗ്ധരുടെ സേവനം വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കാനായി കൺസോർഷ്യം ഓഫ് റിട്ട. എക്സ്പെർട്സ് ഫോർ ഡവലപ്മെന്റ് എന്ന പേരിലൊരു കമ്പനി രൂപീകരിക്കും.
- ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സു തികഞ്ഞ എല്ലാ മുതിർന്ന പൗരന്മാർക്കും സൗജന്യമായി പുതപ്പും, ചെരുപ്പും വിതരണം ചെയ്യും.
- വയോജനപെൻഷൻ ആയിരം രൂപയാക്കുകയും കൃത്യമായി എല്ലാ മാസവും നൽകുകയും ചെയ്യും.
- പ്രധാനപ്പെട്ട ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേക ക്യൂവും വയോജന/ജറിയാട്രിക് വാർഡുകളും ആരംഭിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കും.
- 60 വയസ്സ് കഴിഞ്ഞവർക്ക് മുതിർന്ന പൗരത്വ കാർഡ് നൽകും.
- എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഘട്ടംഘട്ടമായി വൃദ്ധസദനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കും.
- സർക്കാർ സഹായമില്ലാതെ ചാരിറ്റബിൾ സൊസൈറ്റികൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സർക്കാർ പ്രത്യേക പ്രോത്സാഹനം നൽകും.

## 19. കുടിവെള്ളം-ജലസേചനം

- ശുദ്ധമായ കുടിവെള്ള ലഭ്യത എല്ലാ പ്രദേശത്തും ലഭ്യമാക്കും. കിണർ, കുഴൽക്കിണർ, പൈപ്പ് വാട്ടർ, കുളങ്ങൾ, മറ്റു ജലസംഭരണികൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കും.
- പുഴകളിലും നദികളിലും തോടുകളിലും രണ്ടു കിലോമീറ്റർ ഇടവിട്ട് തടയണകളും ചെക്കുഡാമുകളും നിർമിച്ച് മഴക്കാലത്ത് ലഭ്യമാകുന്ന വെള്ളം നഷ്ടപ്പെടാതെ ശേഖരിച്ചുവയ്ക്കും.
- നഗര-പട്ടണ പ്രദേശങ്ങളിൽ ദിവസം 24 മണിക്കൂറും (24x7) ശുദ്ധജലം ലഭ്യമാക്കും.
- നിലവിലുള്ള നഗര ശുദ്ധജല വിതരണപദ്ധതി ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും.
- എല്ലാ പ്രദേശങ്ങളിലും സുസ്ഥിര സംയോജിത ജലസംരക്ഷണ-മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തും.
- ഉപയോഗിച്ച വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗ യോഗ്യമാക്കും.
- ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കിണർ, കുളം എന്നിവ വൃത്തിയാക്കി മുഴുവൻ പ്രദേശത്തും പൈപ്പുലൈൻ സ്ഥാപിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ കുടിവെള്ളം ഉറപ്പുവരുത്തും.
- കുളങ്ങളും, പുഴകളും, തോടുകളും, ജലസംഭരണികളും സംരക്ഷിച്ചു ജലമലിനീകരണം ഒഴിവാക്കി ശുദ്ധജലലഭ്യത ഉറപ്പുവരുത്തും.

## 20. ശാസ്ത്രസാങ്കേതികം

### (a) ശാസ്ത്രം

- ശാസ്ത്രമനോഭാവം ജനങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്ത ആശയമാണ്. അന്ധവിശ്വാസങ്ങളുടെയും ദുരാചാരങ്ങളുടെയും പുറകെ പോകുന്നത് ശാസ്ത്രമനോഭാവത്തിന്റെ അഭാവമാണ്. ശാസ്ത്രീയമായി ജനസമൂഹത്തെ ഉദ്ബുദ്ധരാക്കാൻ, ശാസ്ത്രസന്ദേശങ്ങളും, ശാസ്ത്രവാർത്തകളും മറ്റും പ്രചരിപ്പിക്കുന്നതിനായി എഫ്.എം. റേഡിയോനിലയങ്ങൾ എല്ലാ താലൂക്കുകളിലും ആരംഭിക്കും. ശ്രേഷ്ഠഭാഷയെ ശാസ്ത്രഭാഷയാക്കി വികസിപ്പിക്കും.

### (b) ശാസ്ത്രദീപ്തി

- ബിരുദ-ബിരുദാനന്തര വിദ്യാഭ്യാസം ചെയ്യുന്നവരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥി

കൾക്ക് അവരുടെ പാഠ്യവിഷയങ്ങൾക്കു പുറത്തുള്ള വിഷയങ്ങളെക്കുറിച്ച്, പ്രത്യേകിച്ചും ശാസ്ത്രവിഷയങ്ങളിൽ അറിവ് വളർത്തുന്നതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും. ബിരുദവിദ്യാർത്ഥികൾക്ക് 1000 രൂപയുടെയും ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 1500 രൂപയുടെയും വൈജ്ഞാനിക ഗ്രന്ഥങ്ങൾ നൽകും.

## (c) ശാസ്ത്രമംഗള

- വിദ്യാർത്ഥികളെ ശാസ്ത്രപ്രചാരകരാക്കുന്ന പദ്ധതിയാണിത്. ഓരോ ഹൈസ്കൂളും തൊട്ടടുത്ത ഗ്രാമത്തെ ദത്തെടുക്കുകയും വിദ്യാർത്ഥികളും അധ്യാപകരും, അവിടെയുള്ള വീടുകളിൽ ശാസ്ത്രസന്ദേശം എത്തിക്കുകയും ചെയ്യും. ഗ്രാമീണ മേഖലയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഓരോ സ്കൂളിനും പ്രതിവർഷം 10,000 രൂപ വീതം നൽകും.

## (d) ശാസ്ത്രപോഷിണി

- കഴിവും, വിദ്യാഭ്യാസവുമുള്ളവരാണ് നമ്മുടെ യുവതലമുറ. എങ്കിലും ശാസ്ത്രരംഗത്ത് എത്തുന്ന പ്രതിഭാശാലികളുടെ എണ്ണം വളരെ കുറവാണ്. പാഠ്യപദ്ധതിയിലുള്ള എല്ലാ പരീക്ഷണങ്ങളും വിദ്യാർത്ഥികൾക്ക് ചെയ്തു മനസ്സിലാക്കാൻ വേണ്ട ശാസ്ത്രപരീക്ഷണശാലകൾ സ്കൂളുകളിൽ സജ്ജമാക്കും. ശാസ്ത്രപോഷിണി എന്ന പരിപാടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും സ്കൂളുകളിൽ മികച്ച സയൻസ് ലബോറട്ടറി ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്കും സയൻസ് ലബോറട്ടറികൾ ഉണ്ടാക്കുവാൻവേണ്ട ധനസഹായം സർക്കാർ നൽകും.

## (e) ഗവേഷണം ഗവേഷകർക്കുവേണ്ടിയല്ല മനുഷ്യനന്മയ്ക്കുവേണ്ടി

- ഗവേഷണസ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളെ പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണരംഗത്ത് ദിശാസൂചികകൾ ഉണ്ടാക്കും. പ്രധാനപ്പെട്ടതും, അല്ലാത്തതുമായ ഗവേഷണവിഷയങ്ങൾ കണ്ടെത്തി, പ്രയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ അവ വേർതിരിച്ച് ധനസഹായം നൽകി ഗവേഷണം ഫലപ്രദമാക്കും. സമൂഹത്തിനുവേണ്ട ഗവേഷണ ഫലങ്ങൾ ഉണ്ടാക്കുന്ന ഗവേഷകർക്ക് സാമ്പത്തിക പ്രോത്സാഹനം നൽകും. അവരുടെ ഗവേഷണമേഖല വിപുലീകരിക്കുന്നതിനും ധനസഹായം നൽകും.

### (f) ടെക്നോളജി ട്രാൻസ്ഫർ സെന്റർ

- അക്കാദമിക് രംഗത്തു നടക്കുന്ന ഗവേഷണം, ആത്യന്തികമായി ഗുണഭോക്താവിന് എത്തുന്നതിനായി ധാരാളം കടമ്പകൾ കൂടി പിന്നിടേണ്ടതുണ്ട്. അക്കാദമിക്-ഇന്നോവേറ്റർ-സംരംഭക സംയോജന പദ്ധതി ആവിഷ്കരിക്കും. ഗവേഷണത്തെ സാമ്പത്തികമായി സഹായിക്കുവാൻ സംരംഭകർ മുന്നോട്ടുവരും. കൂടാതെ ഗവേഷകരെ സംരംഭകരുടെ ആവശ്യാനുസരണം അവരുടെ വ്യവസായ രംഗത്തേക്കും ആകർഷിക്കാം. പരിശീലനം സിദ്ധിച്ച ഗവേഷകർ, രാജ്യത്തിനു പുറത്തേക്ക് ജോലി തേടിപ്പോകുന്നതുമൂലം രാജ്യത്തിനുണ്ടാകുന്ന ബൗദ്ധികശക്തിയുടെ ശോഷണം തടയാൻ കഴിയും. രാജ്യത്തിനാകമാനം മാതൃകയാകുന്ന ഈ സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കും. രാജ്യത്തെവിടെയും വികസിപ്പിക്കുന്ന ടെക്നോളജി ഇവിടെനിന്നും സംരംഭകർക്ക് ലഭ്യമാക്കും.

### (g) മെറ്റീരിയൽസ് ഗവേഷണ-ഉൽപ്പാദന കേന്ദ്രം

- ദൈനംദിന ആവശ്യങ്ങൾക്കുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾക്കുവേണ്ട ഘടകങ്ങൾ നിർമിക്കുന്ന പരിപാടി എഴുപതുകളിൽ നമ്മുടെ സംസ്ഥാനത്ത് തുടങ്ങിയിരുന്നു. എന്നാൽ കാലക്രമത്തിൽ അതെല്ലാം ക്ഷയിച്ചുപോയി. വിദേശകമ്പനികളുടെ സഹകരണത്തോടെ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമാണത്തിനും മറ്റും ആവശ്യമായ വ്യത്യസ്ത ഘടകങ്ങൾ ഉണ്ടാക്കുന്നതിനുള്ള സ്ഥാപനം ആരംഭിക്കും.

## 21. ഊർജമേഖല

- ഇലക്ട്രിസിറ്റി മീറ്റർ ഉള്ള കുടുംബങ്ങളെ മുഴുവൻ ഇൻഷുറൻസ് പരിരക്ഷയിൽ കൊണ്ടുവരും. പരിരക്ഷയിലുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും ഉണ്ടാകുന്ന സ്വാഭാവികമോ അസ്വാഭാവികമോ ആയ മരണത്തിന് സർക്കാരിൽനിന്നും 1 ലക്ഷം രൂപ വീതം ധനസഹായം ലഭിക്കും.
- വൈദ്യുതി പ്രസരണ നഷ്ടം പൂർണമായി ഇല്ലാതാക്കാൻ കവറിങ്ങുള്ള കേബിളുകൾ ഉപയോഗിക്കുകയും പരമാവധി ഭൂഗർഭ കേബിളുകൾ ഉപയോഗിക്കുകയും ചെയ്യും. സൗരോർജം പരമാവധി പ്രയോജനപ്പെടുത്തും.
- വൈദ്യുതി വികസനത്തിന് എല്ലാ സാധ്യതകളും ഉപയോഗിക്കും. കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും 24 മണി

ക്കൂറും വേണ്ടത്ര വോൾട്ടേജ് ലഭ്യമാകുന്ന വൈദ്യുതി വിതരണം നടത്തും.

- ♦ പ്രകൃതിയെ സംരക്ഷിച്ചു പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കാതെ പരമ്പരാഗത ഊർജസ്രോതസുകളായ സൗരോർജം, കാറ്റ്, ഗോബർഗ്യാസ് എന്നിവയിൽനിന്ന് ഊർജോൽപ്പാദനത്തിനു ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്തു സ്വയംപര്യാപ്തത കൈവരിക്കും.
- ♦ വൈദ്യുതി ഇല്ലാത്ത എല്ലാ ബി.പി.എൽ വീടുകളിലും വൈദ്യുതി ലഭ്യമാക്കും.
- ♦ ലൈഫ് സപ്പോർട്ട് സിസ്റ്റം ഉപയോഗിക്കുന്നവർക്ക് മുഴുവൻ വൈദ്യുതിയും സൗജന്യം.

## 22. സാംസ്കാരികം

- ♦ പുസ്തകപ്രസിദ്ധീകരണങ്ങളിലൂടെയും കലകളിലൂടെയും ജനങ്ങൾക്ക് അവബോധം നൽകി നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രകളായ സഹിഷ്ണുതയും ബഹുസ്വരതയും മതേതരത്വവും നിലനിർത്തും. സാംസ്കാരിക ജീർണതയ്ക്കെതിരെ പോരാടാൻ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കും.
- ♦ എടയ്ക്കൽ സ്മാരകങ്ങൾ പോലുള്ള പൈതൃക സ്മാരകങ്ങൾക്കു അന്താരാഷ്ട്രപരിഗണന ലഭിക്കുവാൻ നടപടികൾ സ്വീകരിക്കും.
- ♦ മികച്ച സാഹിത്യരചന നടത്തുന്നതിൽ കഴിവ് തെളിയിക്കുകയും പുസ്തകം പ്രസിദ്ധീകരിക്കുവാനുള്ള സാമ്പത്തികനില ഇല്ലാത്തവരുമായ എഴുത്തുകാർക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിവന്നിരുന്ന പ്രസിദ്ധീകരണ ധനസഹായം പുനഃസ്ഥാപിക്കും.
- ♦ സർവവിജ്ഞാനകോശത്തിന്റെയും മഹാനിഘണ്ടുവിന്റെയും ബാലസാഹിത്യവിജ്ഞാനകോശത്തിന്റെയും അവശേഷിക്കുന്ന വാല്യങ്ങൾ നാലുവർഷത്തിനകം പ്രസിദ്ധീകരിക്കും.
- ♦ ക്ലാസിക് കലാരൂപങ്ങൾ ആസ്വദിക്കുവാൻ നൈപുണ്യമുള്ള പുതുതലമുറയെ വാർത്തെടുക്കാൻ കഴിയുംവിധം യുവതലമുറയ്ക്ക് 'ആസ്വാദനകളരി' പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കും.
- ♦ സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹിത്യകാരന്മാർക്ക്/ കലാകാരന്മാർക്ക് നൽകുന്ന പെൻഷൻ 2000 രൂപയാക്കി വർധിപ്പിക്കും.

- മലയാളഭാഷയിലെ മികച്ച സാഹിത്യകൃതികൾ മറ്റു ഭാഷകളിലേക്ക് തർജമ ചെയ്ത് പ്രസിദ്ധീകരിക്കാനുള്ള പദ്ധതി ആവിഷ്കരിക്കും.
- മലയാള-സർവകലാശാലയിൽ ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളുടെയും അധ്യയന മാധ്യമം മലയാളമാക്കും.
- ഇന്ത്യയിലാദ്യമായി മുഴുവൻസമയ കലാകാരന്മാർക്ക് മെഡിക്ലെയിമും ഇടക്കാലാശ്വാസവും സാമ്പത്തിക പരിരക്ഷയും ഉറപ്പാക്കിയത് ഉമ്മൻചാണ്ടി സർക്കാരാണ്.
- ഭാഷാപിതാവിന്റെ സ്മരണ നിലനിർത്തുന്ന തിരുവനന്തപുരം ഐരാണിമുട്ടം തുഞ്ചൻ സ്മാരകത്തിൽ എഴുത്തച്ഛൻ സാഹിത്യ സാംസ്കാരിക മ്യൂസിയവും പ്രതിമയും സ്ഥാപിക്കും.

## 23. സിനിമ

- രാമോജി ഫിലിം സിറ്റിപോലെ സർക്കാർ ആഭിമുഖ്യത്തിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ ചലച്ചിത്ര നിർമാണരംഗത്തെ മുഖ്യ ഹബ്ബാക്കി മാറ്റും.
- നിരവധി തിയേറ്ററുകളോടുകൂടിയ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് സ്ഥാപിക്കും.
- കലാകാരന്മാരുടെ പ്രതിമാസ പെൻഷൻ വർധിപ്പിക്കും.
- സിനിമാ നിർമാണത്തിനുള്ള സബ്സിഡി അഞ്ചുലക്ഷം രൂപയിൽ നിന്നും പത്തു ലക്ഷം രൂപയാക്കി വർധിപ്പിക്കും.
- സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിങ് ഏർപ്പെടുത്തും.
- അടൂർ ഗോപാലകൃഷ്ണൻ കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കും.
- തദ്ദേശസ്ഥാപനങ്ങൾ ഭൂമി നൽകിയാൽ പൊതുമേഖലയിൽ തിയേറ്ററുകൾ ആരംഭിക്കും.

## 24. സ്പോർട്സ്

- കേരളത്തിന്റെ കായിക മേഖലയിൽ യു.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണകാലയളവിൽ അഭൂതപൂർവമായ പുരോഗതിയാണ് ഉണ്ടായത്.
- 35-ാം ദേശീയ ഗെയിംസ് മുൻനിർത്തി കേരളം നടത്തിയ മുന്നൊരുക്കങ്ങളാണ് കായികരംഗത്ത് അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കാൻ സഹായകമായത്.
- തിരുവനന്തപുരത്തുള്ള ഏഷ്യയിലെ ഏറ്റവും വലിയ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കൊല്ലത്തെ ഹോക്കി സ്റ്റേഡിയം, എറ

ണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ (മുണ്ടയാട്) സ്റ്റേഡിയങ്ങൾ ഇതിനുദാഹരണങ്ങളാണ്.

- ഇതിനു പുറമേ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം കോട്ടയത്ത് പൂർത്തിയായി.
- ഷൂട്ടിങ് രംഗത്ത് അന്തർദേശീയ തലത്തിലുള്ള ഷൂട്ടിങ് റേഞ്ച് തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ സ്ഥാപിച്ചു.
- കായികരംഗത്ത് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ ആയിരംകോടി രൂപ മുതൽമുടക്കാൻ നമുക്ക് കഴിഞ്ഞു. ദേശീയ ഗെയിംസ് നടന്ന ഏഴു ജില്ലകളെ കേന്ദ്രീകരിച്ചുള്ള കായിക വികസന പ്രവർത്തനങ്ങളാണ് നടന്നതെങ്കിൽ മറ്റ് ഏഴു ജില്ലകളിൽക്കൂടി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കും.
- കായികപ്രവർത്തനങ്ങൾക്കും ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും ഉപകരിക്കത്തക്കവണ്ണം എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിനിസ്റ്റേഡിയങ്ങൾ ആരംഭിക്കും.
- കായികരംഗത്തോടുള്ള കേരളത്തിന്റെ ആഭിമുഖ്യം വിളിച്ചറിയിക്കുന്ന രൂപത്തിൽ ലോക റിക്കാർഡോടുകൂടി നടത്തിയ റൺ കേരള റൺ മാതൃകയിൽ വമ്പിച്ച ബഹുജന പങ്കാളിത്തമുള്ള പരിപാടികൾ തുടരും.
- 2016–ലെ ഒളിമ്പിക്സിലേക്ക് പ്രാഥമികമായി തെരഞ്ഞെടുത്ത (qualify ചെയ്ത) കായികതാരങ്ങൾക്ക് വിദേശത്ത് തുടർപരിശീലനം നൽകുന്നതിന് ഗവണ്മെന്റ് പണം വകയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെയും അതിലൂടെ ഇന്ത്യയുടെയും പ്രശസ്തി ഉയർത്തുവാൻ കായികതാരങ്ങളെ ഒളിമ്പിക്സിന് പ്രാപ്തരാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- ഭാവിയിലെ കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ ഓസ്ട്രേലിയൻ സ്പോർട്സ് ഡിപ്പാർട്ടുമെന്റുമായും, വിക്ടോറിയൻ സർവകലാശാലയുമായും ചേർന്ന് സംയുക്ത പരിശീലന പദ്ധതി ആവിഷ്കരിക്കും. ഇതിനായി 'ഐ-സ്പാർക്ക്' (Institute of Sports Science and Applied Research Kerala) എന്ന സ്ഥാപനം ആരംഭിക്കും.
- ജില്ലകൾതോറും അത്യാധുനിക സംവിധാനങ്ങളോടെയുള്ള സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കും.
- കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് സൗജന്യപരിശീലനവും സഹായവും നൽകും.

## 25. സർക്കാർ ജീവനക്കാരും ഗവണ്മെന്റ് സർവീസും

- സർക്കാർ സർവീസിലെ അഴിമതിയും കൈക്കൂലിയും കർശനമായി നിയന്ത്രിക്കും.
- സർക്കാർ ഓഫീസുകളിൽ നിന്നുമുള്ള സേവനം കൂടുതൽ വേഗത്തിലാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം എല്ലാ പ്രധാന ഓഫീസുകളിലും നടപ്പിൽ വരുത്തും.
- ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് ചെലവു ചുരുക്കും.
- ഓഡിറ്റ് വകുപ്പ് ശക്തിപ്പെടുത്തി സ്വതന്ത്ര ചുമതലയുള്ള സംവിധാനമാക്കി മാറ്റും. സർക്കാരിന്റെ ധനസഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റായ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ കൊണ്ടുവന്ന് അവയുടെ പ്രവർത്തനം സുതാര്യമാക്കും.
- ഗവണ്മെന്റ് ഭരണസംവിധാനം ഡിജിറ്റൽ ചെയ്തു സുതാര്യമാക്കും.

## 26. പരിസ്ഥിതി സംരക്ഷണവും ശുചിത്വവും

- ഒരു ജനതയുടെ അത്യാവശ്യങ്ങൾ ശുദ്ധവായു, ശുദ്ധജലം, ശുദ്ധഭക്ഷണം എന്നിവയാണ്. ഇവ മൂന്നും ഉറപ്പു വരുത്തും.
- വാഹനപ്പെരുപ്പത്തിന് കർക്കശമായ നിയന്ത്രണം ഏർപ്പെടുത്തുകയും നിരന്തരമായ പ്ലാസ്റ്റിക് കത്തിക്കലും ഫാക്ടറി പുകകളും നിയന്ത്രിച്ച് പ്രാണവായുവിന്റെ മലിനീകരണം പരമാവധി കുറയ്ക്കുകയും ചെയ്യും.
- നാൽപ്പത്തിനാലു നദികളും വിഷമയമായിക്കഴിഞ്ഞു. കഠിനമായ ശുദ്ധജല ദൗർബല്യം വരുന്നു. ഭൂഗർഭജലവിതാനം ആപൽക്കരമായ വിധം താണുകഴിഞ്ഞു. വയലുകളും തണ്ണീർത്തടങ്ങളും കുളങ്ങളും ഇടനാടൻ കുന്നുകളുമെല്ലാം വികസനത്തിന്റെപേരിൽ നശിപ്പിക്കുന്നതിനാൽ മഴവെള്ളം ഭൂമിയിലേക്കിറങ്ങുന്നില്ല. ഇതിനെല്ലാം പരിഹാരം കാണും.
- ഭക്ഷണം വിഷമയമാണ്. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതോപഭോഗം തമിഴ്നാട്ടിൽ മാത്രമല്ല കേരളത്തിലും ശീലമായിക്കഴിഞ്ഞു. ഇതിനെതിരെ കർശനമായ നിയന്ത്രണം കൊണ്ടുവരും.
- വികസനത്തിന്റെ പേരിൽ വയലുകൾ നികത്തുകയും

കുന്നുകൾ ഇടിക്കുകയുമാണ്. വയലുകളുടെ Data Bank പ്രസിദ്ധപ്പെടുത്തുകയും ഉള്ള നിയമങ്ങളെ ശാക്തീകരിക്കുകയും നെൽവയൽ തണ്ണീർത്തടനിയമം സംരക്ഷിക്കുകയും ചെയ്യും. കുന്നുകളെയും മലകളെയും സംരക്ഷിക്കുന്ന നിയമമുണ്ടാക്കും.

- നെല്ലും പയറും എള്ളുമെല്ലാം വിളഞ്ഞിരുന്നവയാണ് നമ്മുടെ വയലേലകൾ. ഇടവിളയായി പച്ചക്കറികൃഷിയും നടത്തിയിരുന്നു. സർവനാശത്തിലെത്തിനിൽക്കുന്ന വയൽക്കൃഷിയെ പുനരുജ്ജീവിപ്പിക്കും.
- ആദരണീയയായ ശ്രീമതി ഇന്ദിരാഗാന്ധി നടപ്പിൽ വരുത്തിയ ശക്തമായ വനനിയമങ്ങളെയെല്ലാം പുനരുജ്ജീവിപ്പിച്ചെടുക്കുകയും, നിയമാനുസൃതവും നിയമവിരുദ്ധവുമായ പാറമട തകർത്തു പൊടിക്കുന്നതിനെതിരായി കർക്കശമായ നിയമനിർമാണം നടത്തുകയും ചെയ്യും. പശ്ചിമഘട്ട ഗിരിവനനിരകളെ സുഭദ്രമായി സംരക്ഷിക്കും.
- കമ്പനികളുടെയും സമ്പന്നരുടെയും മന്ദിരസമുച്ചയനിർമാണത്തിന് ശക്തമായ നിയന്ത്രണം കൊണ്ടുവരും.
- മാലിന്യനിർമാർജനരംഗത്ത് അബദ്ധങ്ങൾ ആവർത്തിക്കാതെ ശാസ്ത്രീയമായ ആസൂത്രണ പദ്ധതികൾ ആവിഷ്കരിച്ച് വിദഗ്ധോപദേശപ്രകാരം മാലിന്യനിർമാർജനം നടത്തും. പ്ലാസ്റ്റിക് ഉപയോഗം കർശനമായി നിയന്ത്രിക്കും.
- ഇവിടുത്തെ പച്ചപ്പും ജലസമൃദ്ധിയും മറ്റുമാണ് സഞ്ചാരികളുടെ ആകർഷണം. കേരളം കേരളമായി തുടരാൻ അനുവദിച്ച് പച്ച പുതച്ച ഈ കൊച്ചുനാടിനെ സംരക്ഷിക്കും.
- പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിയും തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിലൂടെയുമുള്ള കാർഷിക വികസന പ്രവർത്തനങ്ങൾ ജൈവകൃഷിയിലൂടെ സാധ്യമാക്കും.
- വനവും തണ്ണീർത്തടങ്ങളും സംരക്ഷിക്കും.
- പശ്ചിമഘട്ടത്തിലെ ലോക പൈതൃക ജൈവ വൈവിധ്യം സംരക്ഷിച്ചു പരിപാലിക്കും.
- ഊർജ-ജലവിനിയോഗ കാര്യക്ഷമത 20 ശതമാനം വർധിപ്പിക്കും.
- സാമൂഹ്യ വനവൽക്കരണ പരിപാടി കാര്യക്ഷമതയോടെ നടപ്പിലാക്കി പരിസ്ഥിതി സംരക്ഷിക്കുവാനുള്ള നയസമീപനം സ്വീകരിക്കും.

## 27. തണ്ണീർത്തട സംരക്ഷണം

- കായലുകൾ, തോടുകൾ, നീർച്ചാലുകൾ മുതലായ സ്ഥലങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കും.
- സർക്കാരിന്റെയും, പഞ്ചായത്തുകളുടെയും ഉടമസ്ഥാധികാരത്തിലുള്ള വലിയ കുളങ്ങൾ ശുചീകരിച്ച് ജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കും. ഒപ്പം നാട്ടിലെ ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള വർഷങ്ങളായി ശുചീകരിക്കാത്ത കുളങ്ങൾ ശുചീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കും.
- കായലോരത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിനും ജലാശയത്തിന്റെ അതിർത്തി സംരക്ഷിക്കുന്നതിനും കൽക്കെട്ട് നിർമിക്കും.
- കേരളത്തിലെ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും കായൽ കയ്യേറ്റം അവസാനിപ്പിക്കുന്നതിനും ജലമലിനീകരണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.
- പീലിങ് ഷെഡ്ഡുകളിൽനിന്നും ഒഴുക്കിവിടുന്ന മാലിന്യവും, മാലിന്യജലവും മൂലമുണ്ടാകുന്ന മലിനീകരണം ജനജീവിതം ദുസ്സഹമാക്കുകയും ജലജന്യ രോഗങ്ങൾ പടർന്നു പിടിച്ച് ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാക്കുന്നതിനും പരിഹാരം കാണും.
- കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ പെരുകുന്നതിന്റെ പ്രധാന കാരണം നീരൊഴുക്ക് ഇല്ലാത്തതുമൂലമാണ്. ഇതിന് പരിഹാരം കാണും.

## 28. മദ്യവിമുക്ത കേരളം

പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനും സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കാനുമാണ് ഐക്യജനാധിപത്യമുന്നണി തീരുമാനിച്ചത്. മദ്യാസക്തി വർധിച്ച് കേരളത്തിൽ അതൊരു സാമൂഹ്യ വിപത്തായി വളർന്ന ഘട്ടത്തിലാണ് മദ്യനിരോധനത്തിനു വേണ്ടിയുള്ള ശക്തമായ ബഹുജനശബ്ദം ഉയർന്നത്. സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ സംഭാവന നൽകിയ മദ്യവിൽപ്പന നിയന്ത്രിക്കാനും ക്രമേണ കേരളത്തെ മദ്യവിമുക്തമാക്കാനുമുള്ള യു.ഡി.എഫ് സർക്കാരിന്റെ തീരുമാനം ഒരു സാമൂഹ്യവിപ്ലവത്തിനു വഴിയൊരുക്കി. സർക്കാരിനും മദ്യവ്യവസായത്തിലേർപ്പെട്ടവർക്കും ഭീമമായ നഷ്ടമുണ്ടാകുമെങ്കിലും സാമൂഹ്യനന്മയ്ക്ക് ഇത്തരമൊരു തീരുമാനം അനിവാര്യമായി വന്ന ഘട്ടത്തിലാണ് കേരളത്തെ മദ്യരഹിത സംസ്ഥാനമാക്കാൻ യു.ഡി.എഫ് തീരുമാനിച്ചത്.

അതിശക്തമായ എതിർപ്പുകളും ആരോപണങ്ങളും വ്യവഹാരങ്ങളുമായി ഈ നയം പുനഃപരിശോധിപ്പിക്കാനുള്ള വിപുലമായ ശ്രമങ്ങളുണ്ടായെങ്കിലും കേരളത്തെ സാമൂഹ്യവിപത്തിൽ നിന്നും രക്ഷിക്കാനുള്ള യു.ഡി.എഫിന്റെ അടിയുറച്ച തീരുമാനം നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു കൊണ്ടുപോകാനായി. യു.ഡി.എഫ് വീണ്ടും അധികാരത്തിൽ വന്നാൽ കേരളത്തെ 10 വർഷംകൊണ്ട് മദ്യവിമുക്തമാക്കാനുള്ള തീരുമാനം നടപ്പിലാക്കുമെന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു.

ഉദയഭാനു കമ്മീഷനെ നിയമിച്ചത് ശ്രീ.കെ.കരുണാകരന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ് സർക്കാരാണ്. ആ കമ്മീഷൻ നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ചില പരിഷ്കാരങ്ങൾ ഈ രംഗത്തു വരുത്തിയത്. എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ് സർക്കാരാണ് ചാരായനിരോധനം നടപ്പിലാക്കിയത്. 730 ബാറുകൾ പൂട്ടാനും ബിവറേജസിന്റെ മദ്യവിൽപ്പനശാലകൾ ഓരോ വർഷവും പത്തു ശതമാനം വീതം പൂട്ടാനും യു.ഡി.എഫ് സർക്കാർ തീരുമാനിച്ചത് കേരളത്തെ മദ്യവിമുക്തമാക്കാൻ വേണ്ടിയാണ്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും ഉപയോഗം യുവതലമുറയിൽ വ്യാപിക്കുന്നത് തടയാൻ ശക്തമായ ബോധവൽക്കരണം മാത്രമല്ല, മയക്കുമരുന്നുകൾ വിദ്യാലയങ്ങളിൽ വിൽപ്പന നടത്തുന്നത് തടയാനും കർശനമായ നടപടികളാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചത്. ആഭ്യന്തരവകുപ്പിന്റെ കീഴിൽ ഈ ലക്ഷ്യം മുൻനിർത്തിയാണ് Clean Campus Safe Campus പദ്ധതി ആരംഭിച്ചത്. മദ്യവും മയക്കുമരുന്നും ലഭ്യമല്ലാത്ത സാഹചര്യം സൃഷ്ടിച്ചുകൊണ്ട് കേരളം ക്രമേണ ലഹരിവിമുക്ത സംസ്ഥാനമായി മാറുകയാണ്.

ലഹരിക്കെതിരെ സമൂഹമനസ്സാക്ഷിയെ ഉണർത്താനും ബോധവൽക്കരണം നടത്താനും ഇപ്പോൾ എക്സൈസ് വകുപ്പ് നടത്തുന്ന പ്രചരണപ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ കൂടുതൽ തുക വകയിരുത്തും. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഒരു ജനകീയ മുന്നേറ്റമാക്കി മാറ്റാൻ യു.ഡി.എഫ് ആഗ്രഹിക്കുന്നു. ഇതു പ്രാവർത്തികമാക്കാൻ മുഖ്യമന്ത്രി അധ്യക്ഷനായി സംസ്ഥാനതലത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിക്കും. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവ നിയമം മൂലം നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## 29. ക്രമസമാധാനം

വികസനത്തിന് അനിവാര്യമായ ഘടകമാണ് ശാന്തിയും സമാധാനവുമുള്ള അന്തരീക്ഷം. ഘെരാവോ, നോക്കുകൂലി, തൊഴിൽത്തർക്കങ്ങൾ

എന്നിവയുടെ പേരിലുള്ള അക്രമങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ട് സമരങ്ങളുടെ നാടിനെ സമാധാനത്തിന്റെ നാടാക്കാൻ കഴിഞ്ഞ 5 വർഷം കൊണ്ട് യു.ഡി.എഫ് സർക്കാരിന് കഴിഞ്ഞു. ഐ.എസ് പോലുള്ള ഭീകരസംഘടനകൾ, മാവോയിസ്റ്റുകൾ, മതതീവ്രവാദികൾ എന്നിവയുടെ അക്രമങ്ങളെയൊക്കെ തടയുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം സാമൂഹ്യവിരുദ്ധ ശക്തികളെ തുടർന്നും ചെറുത്തു തോൽപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് കമാന്റോ വിങ് ഉൾപ്പെടെ ആഭ്യന്തര സുരക്ഷാ സംവിധാനത്തെ ആധുനിക രീതിയിൽ ശക്തിപ്പെടുത്തും.

- ക്രമസമാധാന പാലനത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് ഇന്ന് കേരളം. ആധുനിക കാലഘട്ടത്തിൽ ഒരു ജനാധിപത്യ സമൂഹത്തിലെ പോലീസ് എന്തായിരിക്കണമെന്നതിന് ലോകത്തിനു മുന്നിൽ ഒരു ഉത്തമമാതൃകയായി നമ്മുടെ പോലീസ് സംവിധാനത്തെ വരുംവർഷങ്ങളിൽ മാറ്റും.
- അഴിമതി തടയുക എന്നതാണ് വിജിലന്റ് കേരളയുടെ മുഖ്യ ദൗത്യം.
- സമൂഹത്തിലെ സർവതലങ്ങളിലും അഴിമതി അവസാനിപ്പിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെ അഴിമതിക്കെതിരായ പോരാട്ടം തുടരാൻ വിജിലന്റ് കേരളയെ ശക്തിപ്പെടുത്തും.
- പോലീസ് സംവിധാനത്തെയും സമൂഹത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കും.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കും.
- ബ്ലേഡ് മാഫിയയുടെ ചൂഷണത്തിനെതിരെ നടത്തിക്കൊണ്ടിരിക്കുന്ന ഓപ്പറേഷൻ കുബേര കൂടുതൽ ശക്തമായി നടപ്പാക്കും.
- സാമൂഹിക ദുരന്തമായ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമത്തത്തിൽ നിന്ന് വിദ്യാർത്ഥികളെ മോചിപ്പിച്ചുകൊണ്ടിരിക്കുന്ന ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയും കൂടുതൽ ഊർജസ്വലതയോടെ തുടരും.
- നൂതനസാങ്കേതിക വിദ്യ വിനിയോഗിച്ച് പോലീസ് സ്റ്റേഷനുകളെ ആധുനികവൽക്കരിക്കുകയും ജനസൗഹൃദ കേന്ദ്രങ്ങളാക്കുകയും ചെയ്യും.

## 30. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം 2011 -12 ലെ 2750 കോടി രൂപയിൽ നിന്നും 2016-17 ൽ 5500 കോടി

രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

- ♦ പദ്ധതിവിഹിത വിനിയോഗത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും സാങ്കേതിക ഉപദേശക സമിതികളെ ഒഴിവാക്കുകയും ചെയ്തു.
- ♦ തദ്ദേശസ്ഥാപനങ്ങൾക്കുള്ള സംസ്ഥാനപദ്ധതി വിഹിതം അഞ്ചാം ധനകാര്യ കമ്മീഷൻ നിർദേശിച്ച പ്രകാരം നൽകും. ഫണ്ടുവിനിയോഗം കൂടുതൽ കാര്യക്ഷമമാക്കാനാവശ്യമായ ഭരണപരവും സാങ്കേതികവുമായ സഹായം വരും വർഷങ്ങളിൽ തുടർന്ന് നൽകുകയും ചെയ്യും.
- ♦ സംയോജിത ജില്ലാ വികസനപദ്ധതി തയാറാക്കുവാൻ ആവശ്യമായ രീതിയിൽ ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തും.
- ♦ തദ്ദേശസ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ പുനർവിന്യാസം പൂർണമായ തോതിൽ നടപ്പിലാക്കും.
- ♦ തദ്ദേശസ്ഥാപനങ്ങളുടെ കഴിഞ്ഞ 20 വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് കൂടുതൽ അധികാരങ്ങളും ഉദ്യോഗസ്ഥരെയും കൈമാറുവാനുള്ള നടപടി സ്വീകരിക്കും.

## 31. കേരള വികസന പരിപ്രേക്ഷ്യം - 2030

കേരള വികസന പരിപ്രേക്ഷ്യം 2030 ഐക്യജനാധിപത്യ മുന്നണി രൂപം നൽകിയ വികസന പരിപ്രേക്ഷ്യമാണ്. 2030-ൽ കേരളം എവിടെ എത്തണമെന്നു ലക്ഷ്യമിട്ടു തയാറാക്കിയ വികസനരേഖയാണിത്. സുസ്ഥിര പുരോഗതിയും സർവ സ്പർശ സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുക എന്നതാണ് കേരള വികസന പരിപ്രേക്ഷ്യം-2030 ന്റെ ലക്ഷ്യം.

കേരളത്തിന്റെ നിലവിലുള്ള വികസന സാധ്യതയും വികസന ദൗർബല്യവും വിശകലനം ചെയ്തുകൊണ്ട് ദീർഘകാല വികസന പദ്ധതി തയാറാക്കിയിട്ടുണ്ട്.

കേരളത്തിന്റെ പൊതുവായ സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക വികസന ഘടന വിശകലനം ചെയ്തുകൊണ്ടാണ് ദീർഘകാല സുസ്ഥിര വികസന പദ്ധതിക്കു രൂപം നൽകിയത്.

വികസനകാഴ്ചപ്പാടും, മേഖല വികസന തന്ത്രവും സംയോജിപ്പിച്ചുകൊണ്ട് മധ്യ-ദീർഘകാല വികസനപദ്ധതി കണക്കാക്കിയിട്ടുണ്ട്.

- ♦ ധനവിഭവം, മത്സരബുദ്ധി, ശേഷി എന്നിവയുടെ ഘടനയെ ആസ്പദമാക്കി ഒരു വികസന കർമപരിപാടി ലക്ഷ്യമിടുന്നു.
- ♦ വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയുടെ സൃഷ്ടിയാണ് വിക

സന പരിപ്രേക്ഷ്യത്തിന്റെ കേന്ദ്രബിന്ദു. കേരള വികസന തന്ത്രത്തിന്റെ ഭാഗമായ ബജറ്റ്, വികസനപദ്ധതി എന്നിവയുമായി ദീർഘകാല വികസന പദ്ധതി സംയോജിപ്പിക്കും.

- ദീർഘകാല വികസന ഉദ്ദേശ്യത്തിന്റെയും ലക്ഷ്യത്തിന്റെയും കരടുരേഖ ആണ് വികസന പരിപ്രേക്ഷ്യം-2030.

## (a) സാമ്പത്തികവളർച്ചയും ഉന്നമനവും

- കേരളത്തിന്റെ ഇന്നത്തെ പ്രതിശീർഷ വാർഷിക വരുമാനം 4700 അമേരിക്കൻ ഡോളറാണ്. 2040-ൽ പ്രതിശീർഷവരുമാനം 36000 ഡോളർ ആയി ഉയർത്തുകയാണ് ലക്ഷ്യം.
- അടുത്ത 20 വർഷം കേരളത്തിന്റെ ശരാശരി വാർഷിക വളർച്ച 7.5 ശതമാനം വർധിപ്പിച്ചു വികസിത രാജ്യങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്തും.
- ഇതിൽ കാർഷിക വളർച്ച 2 ശതമാനവും, വ്യവസായ നിർമാണ മേഖല 9 ശതമാനവും, നിർമാണമേഖല 9 ശതമാനവും, വാർത്താവിനിമയ മേഖല 7.5 ശതമാനവും വിദ്യാഭ്യാസ ആരോഗ്യമേഖല 10 ശതമാനവും വളർച്ച ലക്ഷ്യമിടുന്നു.

## (b) ഉയർന്ന ജീവിതനിലവാരം

- കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ വിദ്യാഭ്യാസ -ആരോഗ്യമേഖലയുടെ വിഹിതം ഇന്നത്തെ 5-6 ശതമാനത്തിൽനിന്നും പത്തുശതമാനമായി ഉയർത്തും.
- ഉന്നതവിദ്യാഭ്യാസ പ്രവേശന അനുപാതം 48 ശതമാനമായി വർധിപ്പിക്കും.
- എല്ലാവർക്കും ആരോഗ്യസുരക്ഷ.
- മനുഷ്യവികസന സൂചിക ഉയർത്തി UNDP നിലവാരത്തിലേക്ക് ഉയർത്തും.

## (c) സാമൂഹികനീതിയും സമത്വവും

- തൊഴിൽരഹിതരുടെ അനുപാതം നാലു ശതമാനമായി കുറയ്ക്കും.
- ദരിദ്രരുടെ (ബി.പി.എൽകുടുംബങ്ങളുടെ) അനുപാതം ഒരു ശതമാനമായി കുറയ്ക്കും.
- നഗര-ഗ്രാമപ്രദേശങ്ങളുടെ സ്മാർട്ട് വളർച്ചയിൽ ഊന്നിക്കൊണ്ടുള്ള ഉയർന്ന ജീവിതനിലവാരം.
- കൊച്ചിയെ ഒരു ആഗോള നഗരമാക്കി രൂപാന്തരപ്പെടുത്തും.

## 32. ഇതര ഇനങ്ങൾ

- ജനസമ്പർക്ക പരിപാടി വഴി 7.89 ലക്ഷം പരാതികൾ തീർപ്പാക്കി 798.73 കോടി രൂപ വിതരണം ചെയ്തു. ജനസമ്പർക്ക പരിപാടി തുടർന്നും നടത്തി, സഹായം നൽകും.
- ശുചിത്വകേരളം മാലിന്യമുക്ത കേരളം പദ്ധതി തയാറാക്കി നടപ്പിലാക്കും. കുടുംബങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ, തദ്ദേശഭരണ ഗവണ്മെന്റുകൾ, ഗവണ്മെന്റ് എന്നിവ സംയുക്തമായി പരിപാടി നടപ്പിലാക്കും.
- ഖരമാലിന്യങ്ങൾ ആധുനിക ടെക്നോളജി ഉപയോഗിച്ച് പരിസ്ഥിതിക്കു പ്രശ്നം സൃഷ്ടിക്കാതെ വികേന്ദ്രീകരണ രീതിയിൽ സംസ്കരിച്ചു വൈദ്യുതി ഉണ്ടാക്കി വൈദ്യുതി ബോർഡിന് നൽകുന്ന ബൃഹത് പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കും.
- നിത്യോപയോഗസാധനങ്ങളുടെ വില കുറയ്ക്കുന്നതിനു സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. വിലവിവരപട്ടിക നിർബന്ധമാക്കും.
- മായംചേർക്കൽ വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ഭക്ഷണ പരിശോധന ലബോറട്ടറിയും അതിർത്തി ചെക്പോസ്റ്റുകളിൽ മൊബൈൽ ലബോറട്ടറിയും സ്ഥാപിക്കും.
- എല്ലാ ഭവനങ്ങളിലും Rain harvesting ഏർപ്പെടുത്തും.
- ഗുണ്ടാനിയമങ്ങൾ ഉപയോഗിച്ച് ജനജീവിതം ദുസ്സഹമാക്കുന്ന മാഫിയകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.
- തെരുവുനായ്ക്കളുടെ പ്രശ്നം പൂർണമായും പരിഹരിക്കും.
- വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ പേരിൽ ഭൂമിയും തൊഴിലും നഷ്ടപ്പെട്ട മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കും.
- തുറമുഖത്തുവച്ചുതന്നെ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് വാണിജ്യനികുതി ചുമത്തി നികുതിചോർച്ച തടയുന്നതിനും ഇറക്കുമതിക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാനുമായി നടപടികൾ സ്വീകരിക്കും.
- വികസനത്തിന് ഭൂമി ലഭ്യത പ്രധാന പ്രശ്നമാണ്. ചെറുകിട വ്യവസായം, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മാലിന്യ സംസ്കരണ പ്ലാന്റുകൾ, അറവുശാലകൾ, കാർഷിക വിപണന കേന്ദ്രങ്ങൾ, മറ്റു വികസന പാർക്കുകൾ തുടങ്ങിയവയ്ക്കു സ്ഥലം സർക്കാർ പൊന്നുംവിലയ്ക്ക് എടുത്ത് ലഭ്യമാക്കും.

- എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും ചേരിപ്രദേശങ്ങൾ പരിഷ്കരിച്ചു ടൗൺഷിപ്പുകൾ സ്ഥാപിക്കും. ഡ്രെയിനേജ് സൗകര്യങ്ങളും സാനിറ്ററിസൗകര്യങ്ങളും ഏർപ്പെടുത്തും. വാഹന പാർക്കിങ്ങിനും പ്രത്യേക സൗകര്യം സജ്ജമാക്കും.
- എല്ലാ വീടുകളിലും 365 ദിവസവും ശുദ്ധജലം ലഭ്യമാക്കുവാനുള്ള ബൃഹത്തായ കുടിവെള്ള പദ്ധതി നടപ്പിലാക്കും. മഴവെള്ളസംഭരണത്തിനും സൂക്ഷിപ്പിനും വിപുലമായ സാഹചര്യം ഒരുക്കും.
- വാഹനമലിനീകരണം നിയന്ത്രിക്കും.
- മാലിന്യനിർമാർജനം ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്. സംസ്ഥാന സർക്കാർ ഈ മേഖലയിൽ കൂടുതൽ ഇടപെടുകയും, മാലിന്യനിർമാർജനം മുഖ്യലക്ഷ്യമാക്കി അതിനു പറ്റിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും.
- വർധിച്ചുവരുന്ന നഗരവൽക്കരണം രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. റോഡുകൾ, കുടിവെള്ളം, വൈദ്യുതി, മാലിന്യനിർമാർജനം, പാർപ്പിടം, ചേരികൾ, പൊതു ആരോഗ്യപരിപാലനം, കൊതുകു നിവാരണം, പകർച്ചവ്യാധികളുടെ നിയന്ത്രണം തുടങ്ങിയ നഗരവൽക്കരണപ്രശ്നങ്ങൾക്ക് നമ്മുടെ വികസന നയങ്ങളിലും പദ്ധതിയിലും വേണ്ട പരിഗണന നൽകും.
- വാർഷികപദ്ധതികളും, മറ്റു വികസന പ്രോജക്ടുകളും രൂപീകരിക്കാനും അവ സമയബന്ധിതമായി നടപ്പാക്കാനുമുള്ള നയരൂപീകരണം നടത്തും.
- ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന് ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ ജനന സർട്ടിഫിക്കറ്റിനൊപ്പം ഫാമിലികാർഡ് നൽകുവാൻ നടപടി സ്വീകരിക്കും.
- സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം വർധിപ്പിക്കും.
- സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കുന്നതും പൊതുമുതൽ നശിപ്പിക്കുന്നതുമായ കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക അന്വേഷണ സംഘത്തെയും പ്രത്യേക കോടതികളെയും നിയമിക്കും. പ്രതികളിൽനിന്ന് നഷ്ടപരിഹാരവും കോടതിചെലവും ഈടാക്കും. ഇത്തരം കേസുകൾ മൂന്നുമാസത്തിനകം തീർപ്പാക്കാൻ എല്ലാ ജില്ലകളിലും ആവശ്യത്തിന് കോടതികൾ സ്ഥാപിക്കും.
- സർക്കാർട്രഷറിയെ ജനകീയ ബാങ്കായി മാറ്റും. എല്ലാ പഞ്ചായത്തുകളിലും ട്രഷറിയുടെ ഒരു ശാഖയെങ്കിലും തുറക്കും.

എല്ലാവർക്കും അക്കൗണ്ടും ക്രെഡിറ്റ് കാർഡുകളും നൽകും. സാമ്പത്തിക ഇടപാടുകളുടെ 60% ട്രഷറി വഴിയായാൽ ട്രഷറി സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയുടെ നട്ടെല്ലായി മാറും.

- എല്ലാ ജനങ്ങൾക്കും ആരോഗ്യ-അപകട-മരണ ഇൻഷുറൻസ് സർക്കാർ ഏർപ്പെടുത്തും.
- ആളുകളിൽ സമ്പാദ്യശീലം വളർത്തുവാനായി കെ.എസ്.എഫ്.ഇ മുഖേന നടത്തുന്ന ചിട്ടിസംരംഭങ്ങളിൽ മുടക്കം കൂടാതെ അടയ്ക്കുന്ന വരിക്കാർക്ക് ഇൻസെന്റീവ് നൽകും.
- അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അറുതി വരുത്തുവാൻ വൈവിധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും അന്ധവിശ്വാസ-അനാചാര നിർമാർജന നിയമം ആവിഷ്കരിക്കുകയും ചെയ്യും.
- ഹർത്താൽ നിയന്ത്രിക്കാൻ യു.ഡി.എഫ് സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിക്കു വിട്ട ബിൽ പാസ്സാക്കും.

# ഉപസംഹാരം

കേരളത്തിന്റെ സമസ്തമേഖലകളുടെയും വികസനത്തുടർച്ചയ്ക്കു വേണ്ടിയുള്ള സമഗ്രവികസന പരിപാടികളാണ് കേരളജനതയുടെ മുമ്പിൽ സമർപ്പിക്കുന്നത്. കാലഹരണപ്പെട്ട പ്രത്യയശാസ്ത്രത്തിന്റെ കടുംപിടുത്തവുമായി എല്ലാവിധ പരിവർത്തനങ്ങൾക്കും പുറംതിരിഞ്ഞുനിൽക്കുന്ന ഇടതു ജനാധിപത്യ മുന്നണിക്കു ഈ നാടിനെ വികസനത്തിലേക്കു നയിക്കുവാൻ കഴിയില്ലെന്ന് അവരുടെ കഴിഞ്ഞകാല ഭരണം വെളിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ വികസന നേട്ടങ്ങൾകൊണ്ട് എല്ലാം നേടി എന്ന അഭിപ്രായം ഞങ്ങൾക്കില്ല. കൈവരിച്ച നേട്ടങ്ങൾ സമാനതകളില്ലാത്തതും മനോമോഹനങ്ങളുമാണ്. എന്നാൽ, റോബർട്ട് ഫ്രോസ്റ്റിന്റെ കവിതാശകലം പോലെ ഇനിയും ഏറെ വാഗ്ദാനങ്ങൾ പാലിക്കുവാനുണ്ട്. ഉറങ്ങും മുമ്പ് ഏറെ ദൂരം പോകാനുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ വികസന നേട്ടങ്ങളുടെയും കാരുണ്യത്തിന്റെയും അനുഭവസാക്ഷ്യങ്ങളിലൂടെ തെളിയിക്കപ്പെട്ട ഭരണപ്രാവീണ്യത്തോടെ നാളെകളെക്കുറിച്ചുള്ള സ്വപ്നങ്ങൾ കേരളജനതയ്ക്കു മുമ്പിൽ ഞങ്ങൾ സന്തോഷത്തോടെ സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം<br>
ഏപ്രിൽ 2016

**പി.പി.തങ്കച്ചൻ**<br>
**യു.ഡി.എഫ് കൺവീനർ**

# പ്രകടനപത്രിക
# ഒറ്റനോട്ടത്തിൽ

* എല്ലാവർക്കും വീട്
* എല്ലാവർക്കും ഭക്ഷണം
* എല്ലാവർക്കും ആരോഗ്യം
* വിവിധ വികസന പ്രോജക്ടുകളിലൂടെ അടുത്ത 5 വർഷംകൊണ്ട് 15 ലക്ഷം യുവതീ-യുവാക്കൾക്ക് ജോലി നൽകും.
* നഗര-ഗ്രാമ പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കും.
* സ്ത്രീസുരക്ഷയ്ക്ക് പ്രത്യേക സംവിധാനം.
* ഭക്ഷ്യവസ്തുക്കളുടെയും മറ്റു അത്യാവശ്യ സാധനങ്ങളുടെയും വിലനിലവാരം പിടിച്ചുനിർത്തും.
* സബ്സിഡി നൽകി ജൈവകൃഷി വ്യാപിപ്പിക്കും.
* മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമിക്കുവാൻ എല്ലാ ഗ്രാമങ്ങളിലും ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കും.
* കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഫാർമേഴ്സ് റിഡ്രസൽ വെൽഫയർ അദാലത്ത് ബോർഡ് എല്ലാ തലങ്ങളിലും രൂപീകരിക്കും.
* കൃഷിക്കാർക്ക് പലിശരഹിത വായ്പ ലഭ്യമാക്കും.
* ഹൈടെക് കൃഷിയിലൂടെ കാർഷികോൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഇരട്ടിയാക്കും.
* ജൈവമാലിന്യങ്ങൾ ജൈവവളമാക്കാനുള്ള ബ്രഹത്പദ്ധതി.
* റബർകർഷകർക്കും ഏലകൃഷിക്കാർക്കും ആശ്വാസമായി റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി.
* റബർ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കും.
* തീരദേശ മലയോരവികസനത്തിന് സമഗ്രപദ്ധതികൾ.
* വിഴിഞ്ഞം ഉൾപ്പെടെയുള്ള വികസനപദ്ധതികൾ മൂലം

തൊഴിലും ഭൂമിയും നഷ്ടപ്പെട്ട എല്ലാവരെയും പുനരധിവസിപ്പിക്കും.

* ബി.പി.എൽ.കാർ, വിധവകൾ, മൂന്നാം ലിംഗക്കാർ, അനാഥർ,എയ്ഡ്സ് രോഗികൾ എന്നിവരെ സഹായിക്കാൻ വിവിധ പദ്ധതികൾ.
* എ.പി.എൽ.കാർക്ക് എട്ടു രൂപയ്ക്ക് നൽകിവരുന്ന അരി ഏഴു രൂപയ്ക്ക് നൽകും.
* മാറാരോഗം പിടിപെട്ടവർക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുകയും പ്രത്യേക പെൻഷൻ അനുവദിക്കുകയും രോഗവിമുക്തരായവർക്കു പ്രത്യേക പുനരധിവാസ പദ്ധതി ആരംഭിക്കുകയും ചെയ്യും.
* തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് ഇൻഷുറൻസ്.
* കേരളത്തെ തരിശുഭൂമിരഹിത സംസ്ഥാനമാക്കും.
* ബി.പി.എൽ.വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ളവർക്ക് സൗജന്യ മായി മൂന്നുചക്രവാഹനം, ഇൻഷുറൻസ്, വീട് എന്നിവ നൽകും.
* യുവസംരംഭകർക്കായി എല്ലാ ജില്ലകളിലും സ്റ്റാർട്ടപ് വില്ലേജുകൾ.
* മടങ്ങിവരുന്ന നിരാലംബരായ പ്രവാസികൾക്ക് പെൻഷൻ. പ്രവാസികളുടെ യാത്രാക്ലേശം പരിഹരിക്കാൻ എയർകേരള എക്സ്പ്രസ് യാഥാർത്ഥ്യമാക്കും.
* എല്ലാ ഗ്രാമപഞ്ചായത്തിലും നാലു ഹെക്ടർവരെ ഭൂമി ഏറ്റെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കും.
* മാനേജ്മെന്റിൽ തൊഴിലാളികൾക്ക് പങ്കാളിത്തം: തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടും സർക്കാർ വാണിജ്യകേന്ദ്രങ്ങൾ ആരംഭിക്കും.
* കൈത്തറി-കയർ-കശുവണ്ടി വ്യവസായം വൈവിധ്യവൽക്കരിക്കു കയും ആധുനികവൽക്കരിക്കുകയും ചെയ്യും.
* ഐ.ടി.കയറ്റുമതി 1500 കോടി രൂപയിൽ നിന്ന് ഒരു ലക്ഷം കോടി രൂപയായി ഉയർത്തും.
* യുവസംരംഭകർക്ക് 20 ലക്ഷം രൂപ പലിശരഹിത വായ്പ.

* തിരുവനന്തപുരം-കാസർഗോഡ് ജലപാത, ദേശീയ ജലപാത എന്നിവ പ്രവർത്തനസജ്ജമാക്കും.

* കേരളത്തിന്റെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചരക്കു ഗതാഗത സർവീസുകൾ പുനരാരംഭിക്കും.

* പൂവാറിൽ അന്താരാഷ്ട്ര ആഴക്കടൽ കപ്പൽ നിർമാണശാല സജ്ജമാക്കും.

* ലക്ഷംവീട് പദ്ധതിയിലെ വീടുകളെല്ലാം പുതുക്കിപ്പണിയും.

* ഭൂരഹിതർക്കെല്ലാം 3 സെന്റ് ഭൂമി സൗജന്യം.

* തലസ്ഥാന നഗരത്തിന്റെ വികസനത്തിന് മുഖ്യമന്ത്രി ചെയർമാനായി ഉന്നതതല മെട്രോപൊളിറ്റൻ റീജിയണൽ കൗൺസിൽ.

* വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ സ്മാർട്ട് സിറ്റി, ട്രിവാൻഡ്രം കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ, ട്രിവാൻഡ്രം ചെങ്ങന്നൂർ സബർബൻ റെയിൽവേ എന്നിങ്ങനെ യു.ഡി.എഫ് സർക്കാർ ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും.

* ജീവിതനൈപുണീവിദ്യാഭ്യാസവും തൊഴിലധിഷ്ഠിത പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകും.

* മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പുരോഗതിക്കായി സമഗ്രപദ്ധതികൾ ആവിഷ്കരിക്കും.

* സ്ത്രീസംരംഭകർക്കു വേണ്ടി ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കും.

* ശുചിത്വമുള്ളതും സുരക്ഷിതവുമായ ടോയ്‌ലറ്റുകൾ എല്ലാ പൊതുസ്ഥലങ്ങളിലും ഏർപ്പെടുത്തും.

* പി.പി.പി മോഡലിൻ, തീർത്ഥാടകടൂറിസം, ഫെസ്റ്റിവൽ ടൂറിസം, മെഡിക്കൽ ടൂറിസം, വിദ്യാഭ്യാസ ടൂറിസം എന്നിവ വികസിപ്പിക്കും.

* അടുത്ത 5 വർഷംകൊണ്ട് ഈ മേഖലയിൽ 5 ലക്ഷം പേർക്ക് തൊഴി ലവസരങ്ങൾ സൃഷ്ടിക്കും.

* വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസും ക്യാൻസർ രോഗികൾക്ക് സൗജന്യനിരക്കിൽ മരുന്നുകളും നൽകും.

* എല്ലാ കുടുംബങ്ങളെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരും. 2020 ഓടെ എല്ലാവർക്കും ആരോഗ്യ രക്ഷ ഉറപ്പുവരുത്തും.

* മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കും.

* ലാഭകരമല്ലാത്ത സ്കൂളുകൾ നവീകരിക്കാനും നില നിർത്താനും സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കും.

* ശാസ്ത്ര അവബോധം നൽകാൻ എല്ലാ താലൂക്കുകളിലും എഫ്.എം.റേഡിയോ നിലയങ്ങൾ ആരംഭിക്കും.

* ശ്രേഷ്ഠഭാഷയെ ശാസ്ത്രഭാഷയാക്കി മാറ്റി വികസിപ്പിക്കും.

* എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിനിസ്റ്റേഡിയങ്ങൾ ആരംഭിക്കും.

* സർക്കാർ സർവീസിലെ അഴിമതിയും കൈക്കൂലിയും കർശനമായി നിയന്ത്രിക്കും. പ്രവർത്തനം കാര്യക്ഷമമാക്കാൻ e-office സംവിധാനം ഏർപ്പെടുത്തും.

* ശുദ്ധവായുവും ശുദ്ധജലവും ശുദ്ധഭക്ഷണവും ഉറപ്പു വരുത്തും.

* മദ്യത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനോടൊപ്പം ഘട്ടം ഘട്ടമായി 10 വർഷത്തിനകം കേരളത്തെ മദ്യവിമുക്തമാക്കും.

* ആശാവർക്കേഴ്സിന്റെ സേവനം മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും അർഹമായ ആനുകൂല്യങ്ങൾ വർധിപ്പിക്കുകയും ചെയ്യും.

**വർഗീയ ഫാസിസത്തിനെതിരെ**
**ശക്തമായി പോരാടാൻ**

**അക്രമരാഷ്ട്രീയത്തിനറുതി വരുത്താൻ**

**കേരളത്തെ മദ്യവിമുക്തമാക്കാൻ**

**വികസനവും കാരുണ്യത്തിന്റെ കരുതലും**
**അനുസ്യൂതം തുടരാൻ**

# യു.ഡി.എഫ് സ്ഥാനാർഥികളെ വിജയിപ്പിക്കുക.